വിദ്യുത് തരംഗം

വിശേഷാൽ പതിപ്പ്

ഇവർ നമ്മുടെ സാരഥികൾ

തിരുവനന്തപുരം

ആറ്റിങ്ങൽ	എ.ശ്രീധരൻ
നേമം	കെ.മുരളീധരൻ
ചിറയിൻകീഴ്	അനുപ്. ബി.എസ്
വർക്കല	ബി.ആർ.എം ഷഫീർ
വാമനപുരം	ആനാട് ജയൻ
കഴക്കൂട്ടം	എസ്.എസ്.ലാൽ
അരുവിക്കര	കെ.എസ്. ശബരീനാഥൻ
വട്ടിയൂർക്കാവ്	വീണാ എസ്. നായർ
തിരുവനന്തപുരം	വി.എസ് ശിവകുമാർ
നെടുമങ്ങാട്	പി.എസ് പ്രശാന്ത്
കോവളം	എം.വിൻസന്റ്
കാട്ടാക്കട	മലയിൻകീഴ് വേണുഗോപാൽ
നെയ്യാറ്റിൻകര	ആർ.സെൽവരാജ്
പാറശ്ശാല	അൻസജിതാ റസ്സൽ

കൊല്ലം

പത്തനാപുരം	ജ്യോതികമാർ ചാമക്കാല
ഇരവിപുരം	ബാബു ദിവാകരൻ
കരുനാഗപ്പള്ളി	സി.ആർ.മഹേഷ്
കൊട്ടാരക്കര	രശ്മി.ആർ
ചവറ	ഷിബു ബേബിജോൺ
കുന്നത്തൂർ	ഉല്ലാസ് കോവൂർ
ചാത്തന്നൂർ	പീതാംബരക്കുറുപ്പ്
കുണ്ടറ	പി.സി.വിഷ്ണുനാഥ്
കൊല്ലം	ബിന്ദുകൃഷ്ണ
ചടയമംഗലം	എം.എം.നസീർ
പുനലൂർ	അബ്ദുൾ റഹ്മാൻ രണ്ടത്താണി

ആലപ്പുഴ

ഹരിപ്പാട്	രമേശ് ചെന്നിത്തല
കായംകുളം	അരിതാ ബാബു
ചെങ്ങന്നൂർ	എം.മുരളി
മാവേലിക്കര	കെ.കെ.ഷാജു
ചേർത്തല	എസ്.ശരത്
കുട്ടനാട്	ജേക്കബ് എബ്രഹാം
ആലപ്പുഴ	കെ.എസ്. മനോജ്
അമ്പലപ്പുഴ	എം.ലിജു
അരൂർ	ഷാനിമോൾ ഉസ്മാൻ

പത്തനംതിട്ട

തിരുവല്ല	കുഞ്ഞുകോശിപോൾ
റാന്നി	റിങ്കു ചെറിയാൻ
ആറൻമുള	കെ.ശിവദാസൻ നായർ
അടൂർ	എം.ജി.കണ്ണൻ
കോന്നി	റോബിൻ പീറ്റർ

കോട്ടയം

പുതുപ്പള്ളി	ഉമ്മൻചാണ്ടി
പൂഞ്ഞാർ	ടോമി കല്ലാനി
കാഞ്ഞിരപ്പള്ളി	ജോസഫ് വാഴക്കൻ
കടുത്തുരുത്തി	മോൻസ് ജോസഫ്
ചങ്ങനാശ്ശേരി	വി.ജെ.ലാലി
ഏറ്റുമാനൂർ	പ്രിൻസ് ലൂക്കോസ്
പാല	മാണി സി.കാപ്പൻ
വൈക്കം	പി.ആർ.സോന
കോട്ടയം	തിരുവഞ്ചൂർ രാധാകൃഷ്ണൻ

ഇടുക്കി

ഇടുക്കി	ഫ്രാൻസിസ് ജോർജ്
തൊടുപുഴ	പി.ജെ ജോസഫ്
ഉടുമ്പഞ്ചോല	ഇ.എം.അഗസ്തി
പീരുമേട്	സിറിയാക് തോമസ്
ദേവികുളം	ഡി.കുമാർ

എറണാകുളം

പിറവം	അനൂപ് ജേക്കബ്
കോതമംഗലം	ഷിബു തെക്കുംപുറം
അങ്കമാലി	റോജി എം ജോൺ
ആലുവ	അൻവർ സാദത്ത്
കുന്നത്തുനാട്	വി.പി സജീന്ദ്രൻ
തൃക്കാക്കര	പി.ടി തോമസ്
കൊച്ചി	ടോണി ചമ്മിണി
പെരുമ്പാവൂർ	എൽദോസ് കുന്നപ്പിള്ളി
മൂവാറ്റുപുഴ	മാത്യു കുഴൽനാടൻ
തൃപ്പൂണിത്തുറ	കെ.ബാബു
വൈപ്പിൻ	ദീപക് ജോയ്
പറവൂർ	വി.ഡി സതീശൻ
എറണാകുളം	ടി.ജെ വിനോദ്
കളമശ്ശേരി	അഡ്വ.വി.ഇ അബ്ദുൾ ഗഫൂർ

തൃശ്ശൂർ

കൊടുങ്ങല്ലൂർ	എം.പി ജാക്സൺ
ചാലക്കുടി	ടി. ജെ സനീഷ് കുമാർ ജോസഫ്
തൃശ്ശൂർ	പത്മജ വേണുഗോപാൽ
ഗുരുവായൂർ	കെ.എൻ.എ ഖാദർ
പുതുക്കാട്	സുനിൽ അന്തിക്കാട്
കുന്നംകുളം	കെ.ജയശങ്കർ
ഇരിഞ്ഞാലക്കുട	അഡ്വ.തോമസ് ഉണ്ണിയാടൻ
മണലൂർ	വിജയ് ഹരി
ചേലക്കര	സി.സി. ശ്രീകുമാർ
വടക്കാഞ്ചേരി	അനിൽ അക്കര
ഒല്ലൂർ	ജോസ് വള്ളൂർ
കയ്പമംഗലം	ശോഭ സുബിൻ
നാട്ടിക	സുനിൽ ലാലൂർ

പാലക്കാട്

നെൻമാറ	സി.എൻ.വിജയകൃഷ്ണൻ
തരൂർ	കെ.എ ഷീബ
ആലത്തൂർ	പാളയം പ്രദീപ്
ചിറ്റൂർ	സുമേഷ് അച്ച്യുതൻ
മലമ്പുഴ	എസ്.കെ. അനന്തകൃഷ്ണൻ
കോങ്ങാട്	യു.സി.രാമൻ
ഒറ്റപ്പാലം	ഡോ.പി.സരിൻ
ഷോർണ്ണൂർ	ടി.എച്ച്. ഫിറോസ് ബാബു
തൃത്താല	വി.ടി ബൽറാം
പട്ടാമ്പി	റിയാസ് മുക്കോളി
പാലക്കാട്	ഷാഫി പറമ്പിൽ
മണ്ണാർക്കാട്	എൻ.ഷംസുദ്ദീൻ

മലപ്പുറം

നിലമ്പൂർ	വി.വി. പ്രകാശ്
പൊന്നാനി	എ.എം.രോഹിത്
തവനൂർ	ഫിറോസ് കുന്നുംപറമ്പിൽ
വണ്ടൂർ	എ.പി.അനിൽ കുമാർ
മലപ്പുറം	പി.ഉബൈദുള്ള
മങ്കട	മഞ്ഞളാംകുഴി അലി
വേങ്ങര	പി.കെ.കുഞ്ഞാലിക്കുട്ടി
ഏറനാട്	പി.കെ ബഷീർ
തിരൂരങ്ങാടി	കെ.പി.എ മജീദ്
പെരിന്തൽമണ്ണ	നജീബ് കാന്തപുരം
കൊണ്ടോട്ടി	ടി.വി ഇബ്രാഹീം
കോട്ടയ്ക്കൽ	ആബിദ് ഹുസൈൻ തങ്ങൾ
തിരൂർ	കുറുക്കോളി മൊയ്ദീൻ
വള്ളിക്കുന്ന്	പി. അബ്ദുൾ ഹമീദ്
മഞ്ചേരി	പി.വി. അബ്ദുൾ വഹാബ്
താനൂർ	പി.കെ ഫിറോസ്

കോഴിക്കോട്

വടകര	കെ.കെ രമ
പേരാമ്പ്ര	ഇബ്രാഹിം കുട്ടി
ഏലത്തൂർ	സുൽഫീക്കർ മയൂരി
ബേപ്പൂർ	പി.എം.നിയാസ്
ബാലുശ്ശേരി	ധർമ്മജൻ ബോൾഗാട്ടി
കൊയിലാണ്ടി	എൻ.സുബ്രമണ്യൻ
നാദാപുരം	കെ.പ്രവീൺ കുമാർ
കോഴിക്കോട് (നോർത്ത്)	കെ.എം.അഭിജിത്ത്
കൊടുവള്ളി	എം.കെ മുനീർ
കുന്നമംഗലം	ദിനേശ് പെരുമണ്ണ
കുറ്റ്യാടി	പാറയ്ക്കൽ അബ്ദുള്ള
കോഴിക്കോട് (സൗത്ത്)	അഡ്വ.നൂറുദ്ദീന റഷീദ്
തിരുവമ്പാടി	സി.പി ചെറിയ മുഹമ്മദ്

വയനാട്

കൽപ്പറ്റ	ടി.സിദ്ദീഖ്
സുൽത്താൻബത്തേരി	ഐ.സി ബാലകൃഷ്ണൻ
മാനന്തവാടി	പി.കെ ജയലക്ഷ്മി

കണ്ണൂർ

മട്ടന്നൂർ	ഇല്ലിക്കൽ ആഗസ്തി
ധർമ്മടം	സി.രഘുനാഥ്
തളിപ്പറമ്പ്	അബ്ദുൾ റഷീദ് വി.പി
കൂത്തുപറമ്പ്	പൊട്ടക്കണ്ടി അബ്ദുള്ള
തലശ്ശേരി	എം.പി അരവിന്ദാക്ഷൻ
പേരാവൂർ	സണ്ണി ജോസഫ്
കല്ല്യാശ്ശേരി	ബ്രിജേഷ് കുമാർ
പയ്യന്നൂർ	എം.പ്രദീപ് കുമാർ
കണ്ണൂർ	സതീശൻ പാച്ചേനി
ഇരിക്കൂർ	സജീവ് ജോസഫ്
അഴീക്കോട്	കെ.എം.ഷാജി

കാസർഗോഡ്

ഉദുമ	ബാലകൃഷ്ണൻ പെരിയ
കാഞ്ഞങ്ങാട്	പി.വി. സുരേഷ്
തൃക്കരിപ്പൂർ	എം.പി.ജോസഫ്
മഞ്ചേശ്വരം	എ.കെ.ഐം. അഷറഫ്
കാസർഗോഡ്	എൻ എ. നെല്ലിക്കുന്ന്

ചേട്ടൻ വാവയും അനിയൻ വാവയും

പെട്രോൾ പാചക വാതക വില വർദ്ധന

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ജന ദ്രോഹം തൊഴിലാളി ദ്രോഹം ഒരു നാണയത്തിന്റെ 2 വശങ്ങൾ

പാചക വാതകത്തിന് കഴിഞ്ഞ ഒരുദിവസം 200 രൂപയാണ് വിലകൂടിയത്. പെട്രോളിനും ഡീസലിനും ദിനംപ്രതി കൂടുന്നു. പെട്രോളിന് 50 പൈസ കൂടിയപ്പോൾ ഹർത്താൽ വച്ച സംസ്ഥാമാണ് കേരളം. വഴിയിൽ കപ്പ പുഴുങ്ങിയവരുണ്ട്. ഇപ്പോൾ എവിടെ എത്തി. പെട്രോളിയം ഉത്പ്പന്നങ്ങളുടെ വില വർദ്ധനയിൽ നിന്നും ലഭിക്കുന്ന ലാഭം കേന്ദ്രവും കേരളവും വീതിച്ചെടുക്കുന്നു. എന്നാൽ ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്ത് കേരളത്തിൽ പെട്രോൾ വില കുറച്ച് ലഭിക്കുന്നതിലേയ്ക്കായി കേരളത്തിന്റെ അധിക നികുതി വേണ്ടായെന്ന് വച്ചിരുന്നു. ഇപ്പോൾ അത് ചെയ്യാൻ ഇടത് ഗവൺമെന്റ് തയ്യാറാകുന്നില്ല.

കേന്ദ്രം തൊഴിലാളി ദ്രോഹം, പൊതുമേഖല വില്ക്കുന്നു. അങ്ങനെ പലതും. കേരളം എന്തിനാണ് അതിന് കൂട്ടുനിൽക്കുന്നത്. കേന്ദ്രം പെട്രോൾ/ഡീസലിന് വിലക്കൂട്ടിയെന്ന് മുദ്രാവാക്യം വിളിക്കുന്ന ഇടതുപക്ഷത്തോട് ഒരു ചോദ്യം. അവർ കൂട്ടിയില്ലായിരുന്നുവെങ്കിൽ ഇവിടെയും കൂടില്ലായിരുന്നല്ലോ. അവർ കൂട്ടിയത് മനസ്സിൽ കണക്കുകൂട്ടാതിരുന്നാൽ ആ വർദ്ധനവിൻമേൽ വന്ന കൂടുതൽ ഇവിടെ ഈടാക്കാതിരുന്നാൽ പെട്രോൾ/ഡീസലിന് ലിറ്ററിന് 20 രൂപ കുറയ്ക്കാൻ കേരളത്തിന് സാധിക്കില്ലേ, കേന്ദവും കേരളവും ഒരു നാണയത്തിന്റെ 2 വശങ്ങൾ.

പെട്രോൾ വില വർദ്ധനയ്ക്ക് കാരണം കോൺഗ്രസ്സ് സർക്കാരിന്റെ കാലത്തിറക്കിയ ഉത്തരവാണെന്ന് ഇവിടുത്തെ ഇടതുപക്ഷങ്ങൾ ചില വ്യാജ പ്രചരണങ്ങൾ നടത്തുന്നത് എന്താണ് സത്യം.

അന്നത്തെ ഉത്തരവിൽ പറയുന്ന്, ക്രൂഡ് ഓയിന്റെ വില കൂടുമ്പോൾ പെട്രോളിയം ഉത്പ്പന്നങ്ങളുടെ വിലകൂടുമെന്നും കുറയുമ്പോൾ പെട്രോളിയം ഉത്പ്പന്നങ്ങളുടെ വിലകുറയുമെന്നല്ലേ UPA ഭരണം ഒഴിയുമ്പോൾ ക്രൂഡ് ഓയിലിന് ഒരു ബാരലിന് 120 ഡോളറായിരുന്നു. അന്ന്

പെട്രോൾ വില ലിറ്ററിന് 75.14 രൂപ. ഇപ്പോൾ ക്രൂഡ് ഓയിലിന് ഒരു ബാരലിന് 30 US ഡോളർ പെട്രോൾ വില 95 രൂപ. ക്രൂഡ് ഓയിലിന്റെ വില 1/4 കുറഞ്ഞപ്പോൾ പെട്രോൾ വില 20 രൂപ വീണ്ടും കൂടി. UPA കാലത്ത് ഇറക്കിയ ഉത്തരവിന് വിരുദ്ധമല്ലേ. ഇത് പാചക വാതകത്തിൽ 300 രൂപയായിരുന്നത് (സ്വാതന്ത്ര്യം കിട്ടിയ നാൾ മുതൽ UPA ഭരണം ഒഴിയുന്നതുവരെ) കഴിഞ്ഞ 7 വർഷംകൊണ്ട് 750 രൂപയായില്ലേ. ജനങ്ങളെ കൊള്ളയടിക്കുന്നത് ആരെന്ന് ജനം തീരുമാനിക്കട്ടെ.

പുറപ്പുര സോളാർ

ഇടതുകാലത്തെ KSEB ബാധ്യതകൾ സോളാർ അഴിമതി യഥാർത്ഥത്തിൽ LDF കാലത്ത്

സോളാർ എന്ന് പറയുമ്പോൾ ഒരു സ്ത്രീയുടെ പേരും അഴിമതിയുമാണ് പറയുന്നത്. എന്നാൽ യാഥാർത്ഥ്യം എന്താണ്. സോളാറിന്റെ പേരിൽ ചില യു.ഡി.എഫ് നേതാക്കൻമാരെ ഇടതുപക്ഷം തേജോവധം ചെയ്തു എന്നതിൽ കവിഞ്ഞ് യു.ഡി.എഫ് കാലത്ത് ഒന്നും നടന്നിട്ടില്ല. യാഥാർത്ഥ സോളാർ അഴിമതി പുറപ്പുര സോളാർ എന്ന പേരിൽ 2016-21 കാലഘട്ടത്തിൽ ഇടതുകാലത്ത് നടന്നില്ലേ എന്ന് അന്വേഷണം നടത്തേണ്ടതാണ്.

സോളർ പാർക്കിന് 500 MW വേണമെന്നിരിക്കെ കേരളത്തിന് 200 MW ന് കേന്ദ്രത്തിൽ നിന്നും അനുമതി നേടിയെടുക്കാൻ യു.ഡി. എഫ് കാലത്തെ വൈദ്യുതി മന്ത്രി ശ്രീ.ആര്യാടൻ മുഹമ്മദിന് സാധിച്ചു. യു.ഡി.എഫ് കാലത്ത് കാസർഗോഡ് സോളാർ പാർക്കിനുവേണ്ടി 1083 ഏക്കർ സ്ഥലം ഏറ്റെടുത്തു. 60 കോടി രൂപ മുടക്കി സബ്സ്റ്റേഷൻ നിർമ്മിച്ചു. എന്നാൽ 2016 ൽ ഇടത് ഗവൺമെന്റ് വന്നപ്പോൾ ഒരു പഞ്ചായത്ത് പ്രസിഡന്റ് മുഖ്യമന്ത്രിക്ക് ഒരു കത്ത് കൊടുത്തു എന്ന് പറഞ്ഞ് 200 MW സോളാർ പാർക്ക് വേണ്ടായെന്ന് വച്ച് 50 MW ആക്കി കുറയ്ക്കാൻ മന്ത്രിസഭ തീരുമാനിച്ചു. സബ്സ്റ്റേഷനുവേണ്ടി ചിലവാക്കിയ 60 കോടി വെള്ളത്തിൽ പാർട്ടിഗ്രാമം ഉണ്ടാക്കുന്നതിനെന്നാണ് സംസാരം. അല്ലാതെ അവിടെ ജനങ്ങളുടെ സമരമോ, എതർപ്പുകളോ ഒന്നും നമ്മൾ കേട്ടിട്ടില്ല. അങ്ങനെ 150 MW ഇല്ലാതാക്കി.

അതിനുശേഷം കേരളത്തിൽ കാസർഗോഡ് മുതൽ പാറശ്ശാല വരെ വിവിധ വീടുകളുടെ മുകളിൽ 250 MW സ്ഥാപിക്കാൻ കരാറിൽ ബോർഡ് വിവിധ കമ്പനികളുമായി ഒപ്പുവച്ചു. 200 MW 1083 ഏക്കറിൽ ഒരു ജില്ലയുടെ ഒരു ഭാഗത്ത് മാത്രമായിരുന്നെങ്കിൽ അതില്ലാതാക്കി. KSEB യുടെ പണം (ജനങ്ങളുടെ പണം) കേരളത്തിന്റെ മുഴുവൻ വിസ്യതിയിൽ 250 MW ന് വേണ്ടി പുരയുടെ പുറത്ത് നിക്ഷേപിക്കുന്നത്, (അതും KSEB യുടെ ചിലവിൽ) അർക്കുവേണ്ടി എന്തിനുവേണ്ടി. 2.70 ലക്ഷം അപേക്ഷകരിൽ 90% വും ബോർഡിന്റെ ചിലവിൽ നടത്തുന്നതിന് അപേക്ഷിച്ചവരാണ്.

ഇതിന്റെ Maintenance Cost എത്ര? ചിലവ് ആര് താങ്ങും....? ക്ലീനിംഗ് നടത്തിയില്ലേൽ ഉല്പ്പാദനം കുറയും..... KSEB യുടെ പണം KSEBയുടെതല്ലേ. KSEB ക്ക് ബാധ്യത വന്നാൽ അത് ജനങ്ങളുടെ തലയിൽ വരില്ലേ, വൈദ്യുതി വർദ്ധനയിൽ കലാശിക്കില്ലേ. ഇതിന്റെ കരാറിലുള്ള കമ്പനികൾ എവിടെയുള്ളത്.... അങ്ങനെ യഥാർത്ഥ സോളാർ അഴിമതി ഇതല്ലേ.. അന്വേഷണം വേണ്ടേ... മേൽ കമ്പനികളെ ടെന്ഡർ വിളിച്ചല്ലല്ലോ തീരുമാനിച്ചത് അവിടെയും ബന്ധുക്കൾ. യഥാർത്ഥ സോളാർ അഴിമതി.

കേന്ദ്ര ഗവൺമെന്റിന്റെ നിയമപ്രകാരം സോളാർ എനർജി ഉപയോഗിച്ചിരിക്കണം, ഉല്പ്പാദിപ്പിച്ചിരിക്കണം. എന്നാൽ അത് ഉല്പ്പാദിപ്പിക്കാത്തവർ RE സർട്ടിഫിക്കറ്റ് നൽകിയാൽ മതി (ഉല്പ്പാദിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് 1 രൂപ നൽകിയാൽ മതി) ഇപ്പോൾ വൈദ്യുതി പീക്ക്ലോഡ് സമയത്ത് 300 MW ന്റെ കുറവുണ്ടെന്നത് ഒഴിച്ചാൽ വൈദ്യുതി മിച്ചമാണ്. ഫിക്സഡ് ചാർജ്ജ് ചാർജ്ജ് കൊടുത്തുകൊണ്ടിരിക്കുന്നു. കൊച്ചി സിയാലിൽ സോളാർ ഉല്പ്പാദിപ്പിക്കുന്നു ലാഭകരം എന്തുകൊണ്ട്. അത് ഒരു ചുരുങ്ങിയ സ്ഥലത്താണ്. അല്ലാതെ നാട്ടുകാരുടെ വീടിന് മുകളിലല്ല. കേരളത്തിന്റെ ആകെ വിസ്തൃതിയിൽ അല്ല. Reconducting work (AAC to ACSR) ഇപ്പോഴും 60% മാത്രം പൂർത്തികരിച്ചിട്ടുള്ളു, മീറ്റർ മുഴുവൻ മാറി വയ്ക്കാൻ സാധിക്കുന്നില്ല. അപ്പോഴാണ് പുരയുടെ മുകളിലെ നിക്ഷേപം. 3.30 കോടി ജനങ്ങളുള്ള കേരളത്തിൽ KSEB യുടെ പണം 2 ലക്ഷം പേരുടെ പുരയുടെ മുകളിൽ നിക്ഷേപിക്കുന്നു. കൃത്യമായി മെയിന്റനൻസ് ചെയ്യാതെ വരുമ്പോൾ അവരും ബോർഡിനെതിരെ തിരിയുന്ന കാലം വരും. KSEB യുടെ പണം ചിലവാക്കാൻ ഓരോരോ ശരിയാക്കൽ പദ്ധതികൾ.

തിരുവനന്തപുരം ആർ. സി. സി, ശ്രീചിത്ര ഹോസ്പിറ്റലുകളിൽ വരുന്ന രോഗികൾക്ക് സൗജന്യ താമസം അനുവദിച്ചിട്ടുള്ള സ്ഥലങ്ങൾ

1. സി.എച്ച് സെന്റർ, ചാലക്കുഴി റോഡ്, ഫോൺ: 2440154, 9048763066
2. മാർത്തോമാ ഹോസ്പിറ്റൽ ഗൈഡൻസ്& കൗൺസിലിംഗ് സെന്റർ, പഴയ റോഡ്, മെഡിക്കൽ കോളേജ് പി.ഒ, ഫോൺ: 2443807
3. ഡി.പോൾ കെയർ സെന്റർ, കുമാരപുരം, ഫോൺ: 2552172
4. എം.എസ്.എസ്, രാജീവ് ഗാന്ധിനഗർ, മെഡിക്കൽ കോളേജ് പി.ഒ, ഫോൺ:2553837
5. സെന്റ് തോമസ്, കാരുണ്യ ഗൈഡൻസ്സെന്റർ, യു.ജി 23, ഉള്ളൂർ, ഫോൺ:2445543
6. വിശ്രാന്തി ഭവൻ -കാൻസർ പാലിയേറ്റീവ് സെന്റർ, വൃദ്ധസദനം, കട്ടേല, ശ്രീകാര്യം, ഫോൺ:2596413
7. എസ്.ഡി. കോൺവെന്റ്, മെൻസ് ഹോസ്റ്റലിന് എതിർവശം, മെഡിക്കൽ കോളേജ് പി.ഒ, ഫോൺ: 2442734
8. ആശ്രയഭവൻ സെന്റ് പയസ് ചർച്ച്, കുമാരപുരം, ഫോൺ: 64533213
9. ഗുഡ് സമരിറ്റൻ ഹോം, പഴയ റോഡ്, ഫോൺ: 2445652
10. അഭയകേന്ദ്രം, കേദാരം നഗർ, ചാലക്കുഴി റോഡ്, ഫോൺ: 0471-4066568
11. എസ്.എച്ച്ജ്യോതി സെന്റർ, കുമാരപുരം, ഫോൺ: 2551090
12. മുസാമൗലാന, മെഡിക്കൽ ഗൈഡൻസ് സെന്റർ, ആർ.സി.സി ക്ക് പിറകുവശം, ഫോൺ: 2442278
13. ദേവകി വാര്യർ സ്മാരകം, ചാലക്കുഴി, ഫോൺ: 24411794
    ദേവകി വാര്യർ സ്മാരകം, ട്രിഡാ സെന്റർ, ഫോൺ: 2449889
14. ആശ്രയം വാളന്റിയർ ഓർഗനൈസേഷൻ 7 ാം നില ആർ.സി.സി
15. സാന്ത്വനം, ചാലക്കുഴി, പട്ടം പി.ഒ, കുമാരപുരം, ഫോൺ: 2556252, 9496724078
16. കരുണ ചാരിറ്റീസ്, മസ്ജിദ് ലൈൻ, കുമാരപുരം, ഫോൺ: 2559691
17. സേവാഭാരതി, ചാലക്കുഴി, മെഡിക്കൽ കോളേജ് പി.ഒ,

KEEC (INTUC) ജീവനക്കാർക്ക് വേണ്ടി നടത്തിയ നിയമ പോരാട്ടങ്ങൾ

1. ഇടതുഭരണം ജീവനക്കാരുടെ ഭരണഘടന ആർട്ടിക്കൾ 226, 32 പ്രകാരം ബഹു.ഹൈക്കോടതിയേയും ബഹു.സുപ്രീം കോടതിയേയും സമീപിക്കാനുള്ള അവകാശം നിഷേധിച്ച് ബോർഡ് ഉത്തരവിറക്കിയിരുന്നു. ബഹു.ഹൈക്കോടതിയിൽ മേൽ ഉത്തരവ് സ്റ്റേ ചെയ്യിച്ചു.
2. പെൻഷൻ ആനുകൂല്യങ്ങളായ ടെർമിനൽ ലീവ് സറണ്ടർ കമ്മ്യൂട്ടേഷൻ എന്നിവയിൻമേലുള്ള ടാക്സ് ഏർപ്പെടുത്തുവാനുള്ള നീക്കത്തിനെതിരെ ബഹു.ഹൈക്കോടതിയിൽ WP(C) File ചെയ്തു.
3. സാലറി കട്ടിനെതിരെ ഹൈക്കോടതിയിൽ നിന്നും ഉത്തരവ് വാങ്ങി. പക്ഷേ ഓർഡിനൻസ് ഇറക്കി ഗവൺമെന്റ് അത് തടഞ്ഞു.
4. CEA Regulation റെഗുലേറ്ററി കമ്മീഷനിൽ നേരിട്ട് വാദിച്ചു.
5. New Delhi Aptel ൽ അഡ്വക്കേറ്റിനെവച്ച് വാദിച്ചു.
6. ബഹു. ഹൈക്കോടതി സിംഗിൾ ബഞ്ച്, ഡിവിഷൻ ബഞ്ചിൽ അഡ്വക്കേറ്റിനെ നിയോഗിച്ച് വാദിച്ചു ജയിച്ചു.
7. CEA Regulation ബഹു.സുപ്രീം കോടതിയിൽ അഡ്വക്കേറ്റിനെവച്ച് വാദിച്ച് കൊണ്ടിരിക്കുന്നു.
8. 20% ഇൻസർവ്വീസ് SE to AE മറിച്ച് വിൽക്കാൻ ബോർഡ് ശ്രമിച്ചപ്പോൾ ബഹു.ഹൈക്കോടതി സിംഗിൾ ബഞ്ച്, ഡിവഷൻ ബഞ്ച് വഴി തടയിടുവാൻ സാധിച്ചു. അങ്ങനെ അടുത്തിടെ പുറത്തിറങ്ങിയ എല്ലാ പ്രമോഷന്റേയും അവസാനത്തെ 162 എണ്ണം KEEC വാങ്ങി നൽകിയതാണ്.
9. KSEBL ജീവനക്കാർക്ക് അർഹതപ്പെട്ട സ്റ്റാറ്റ്യൂട്ടറി പെൻഷൻ WP(C) ഫയൽ ചെയ്തു. KSEB ആദ്യം നിഷേധിച്ചു.
10. സ്റ്റാറ്റ്യൂട്ടറി പെൻഷൻ കാര്യത്തിൽ ബഹു.ഹൈക്കോടതിയിൽ വീണ്ടും റിട്ട് ഫയൽ ചെയ്തു.

ന്യായ്പദ്ധതി

പ്രളയംകൊണ്ടും മഹാമാരികൊണ്ടും പൊറുതിമുട്ടുന്ന സംസ്ഥാനത്തെ പാവപ്പെട്ട കുടുംബങ്ങൾക്ക് പ്രതിവർഷം 72,000 രൂപ (മാസം 6,000 രൂപ) വരെ ഉറപ്പുവരുത്തുന്ന രാഹുൽഗാന്ധിയുടെ വാഗ്ദാനമായ ന്യായ്പദ്ധതി (ന്യൂനതം ആയ് യോജന, മിനിമം വരുമാന ഉറപ്പ് പദ്ധതി) നടപ്പിലാക്കും. സംസ്ഥാനത്ത് നിന്നും ദാരിദ്ര്യം തുടച്ചു നീക്കാൻ ഈ പദ്ധതിക്ക് സാധിക്കും. കടുത്ത വൈകല്യമുള്ള ഭിന്നശേഷിക്കാരെ ന്യായ്പദ്ധതിയിൽ ഉൾപ്പെടുത്തും. 40 മുതൽ 60 വയസ്സുവരെയുള്ള തൊഴിൽരഹിതരായ ന്യായ് പദ്ധതിയിൽ ഉൾപ്പെടാത്ത അർഹരായ വീട്ടമ്മമാർക്ക് മാസം 2000 രൂപ നൽകും.

Printed and Published by K.P. Dhanapalan, President, Kerala Electricity Employees Conferderation (INTUC), DTP and Layout Kalakaumudi, Tvm. Copies: 30,000

അണു പകർന്ന ഊർജ്ജം
എന്നും ഞങ്ങളുടെ ചാലകശക്തി

വിദ്യുത് തരംഗം

■ 2021 മാർച്ച് • കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐ. എൻ. റ്റി. യു. സി) പ്രസിദ്ധീകരണം വിശേഷാൽ പതിപ്പ്

വി പി മരയ്ക്കാർ സ്മാരക മന്ദിരം, അംബുജ വിലാസം റോഡ്, തിരുവനന്തപുരം 695 001

തസ്തികകൾ വെട്ടിനിരത്തി നിയമന നിരോധനം

കെ.എസ്.ഇ.ബി ലിമിറ്റഡിൽ ഇലക്ട്രിസിറ്റി വർക്കർ, ലൈൻമാൻ, ഓവർസിയർ, സബ് എഞ്ചിനീയർ ഉൾപ്പെടെയുള്ള തസ്തികകൾ വെട്ടിനിരത്തി 2011-2016 യു.ഡി.എഫ് കാലത്ത് 84 ഓളം പുതിയ സെക്ഷനുകളിലെ തസ്തികകൾക്ക് അനുവാദം നൽകി. ആയിരക്കണക്കിന് നിയമനങ്ങളും പ്രമോഷനുകളും നടത്തി.

യു.ഡി.എഫ് സർക്കാരിന്റെ അവസാന കാലത്ത് പ്രഖ്യാപിച്ച (2016 മാർച്ചിൽ) 30 സെക്ഷനുകളിൽ തസ്തികയ്ക്ക് പെരുമാറ്റചട്ടം വന്നതിനാൽ അനുവാദം നൽകാൻ സാധിച്ചിരുന്നില്ല. കഴിഞ്ഞ 5 വർഷമായിട്ടും തസ്തികകൾക്ക് അനുവാദം നൽകിയില്ല. അങ്ങനെ ഇലക്ട്രിസിറ്റി വർക്കർ, ലൈൻമാൻ, ഓവർസിയർ, സബ് എഞ്ചിനീയർ വെട്ടിനിരത്തി. പുതിയ വർക്കറെ നിയമിച്ചില്ല. തൊഴിൽ നിഷേധിച്ചു. എന്നാൽ 65 ഓളം അസിസ്റ്റന്റ് എഞ്ചിനീയർമാരെ ഇല്ലാത്ത തസ്തികയിൽ ഇരുത്തി ശമ്പളം നൽകിയില്ലേ. അടുത്ത 87 പേരെ ഇലക്ഷൻ പെരുമാറ്റച്ചട്ടലംഘനം നടത്തി നിയമനം നടത്താൻ ശ്രമം നടത്തി, പരാജയപ്പെട്ടു. ബോർഡുത്തരവില്ലാതെ നടത്തിയ നിയമനത്തിന്റെ പേരിൽ നിന്നും ചിലവായ പണം അത് ഒപ്പുവച്ച ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കണം. ഇതിൽ അഴിമതി ഉണ്ടോ എന്ന് സംശയിക്കുന്നു. 2021 മേയ് മാസത്തിലെ റിട്ടയർമെന്റ് ഒഴിവുകളിൽ വരെ ഓഫീസർമാർക്ക് ട്രാൻസ്ഫർ നൽകിയിരിക്കുകയാണ്. എല്ലാം OA എന്ന ഇടത് സംഘടനയുടെ ധാർഷ്ട്യം. ഇതിന് മുന്നിൽ പേടിച്ച് നിൽക്കുന്ന CITU ദാസന്മാരും.

മീറ്റർറീഡർ: തസ്തിക വെട്ടിനിരത്തി എല്ലാ സ്ഥലങ്ങളിലും പാർട്ടിക്കാരെ കോൺട്രാക്ടിൽ. കോൺട്രാക്ട് നിയമനങ്ങൾ ബന്ധുനിയമനങ്ങൾ സ്ഥിരപ്പെടുത്തൽ സമരങ്ങൾ മൂലവും കോടതി ഉത്തരവിനെ തുടർന്നും ഏതായാലും നടന്നില്ല.

കാഷ്യർ തസ്തിക വെട്ടിനിരത്തി : Online Payment പരസ്യത്തിന് കോടികൾ: തൊഴിലില്ലാഴ്മ ഇല്ലാതാക്കുമെന്ന പൊള്ളയായ വാഗ്ദാനം, തമിഴ്നാട്ടിലും ബംഗാളിലും CPM ഏരിയാ കമ്മിറ്റിയിലും KSEBLന്റെ പരസ്യങ്ങൾ ഷിഫ്റ്റ് അടിസ്ഥാനത്തിൽ ഒരു സെക്ഷനിൽ 2 കാഷ്യർ ഉണ്ടായിരുന്നത് ഇപ്പോൾ ഒന്നാക്കി.പാവപ്പെട്ടവനും കൂലിപ്പണിക്കാരനും Online ൽ പണം അടയ്ക്കാനാണ് ആവശ്യപ്പെടുന്നത്. Online പണമടയ്ക്കാൻ പ്രോത്സാഹിപ്പിക്കുന്ന KSEB യുടെ പരസ്യം തമിഴ്നാട്ടിലും ബംഗാളിലും വരെ കൊടുക്കുന്നു. CPM ഏരിയാ കമ്മിറ്റികളുടെ നോട്ടീസിൽ വരെ പരസ്യം. സാമ്പത്തിക ധൂർത്ത് നടത്തി കാഷ്യറുടെ എണ്ണം കുറയ്ക്കാനാണെന്നാണ് വയ്പ്. തമിഴ്നാട്ടിലെ ദേശാഭിമാനിയായ 'തീക്കതിർ' ബംഗാളിലെ ഇടത് പത്രം ഇവയൊക്കെ KSEB യുടെ പണമുണ്ടെങ്കിലേ പിടിച്ച് നിൽക്കാൻ പറ്റൂ. CPM ഇന്ത്യയിൽ 28 സംസ്ഥാനങ്ങളിലും ഉണ്ടായിരുന്നെങ്കിൽ പരസ്യം കൊടുത്ത് KSEB യുടെ അവസ്ഥ ദരിദ്രമായേനെ.

ക്യാഷ് പേയ്മെന്റ് ഓൺലൈനിലൂടെ ചെയ്ത ചിലവിന്റെ ഒരു ചെറിയ വിവരണം (വിവരാവകാശം വഴി ലഭിച്ചത്)

2020 ഏപ്രിൽ മുതൽ ജൂൺ വരെ Transaction Charge: 3 കോടി രൂപ

5% Cash Margin നൽകിയത് (പ്രോത്സാഹനം): 4.15 കോടി

ആകെ : 7.15 കോടി

ഒരു കാഷ്യർക്ക് 40000 രൂപ വച്ച് കണക്കാക്കിയാൽ 7.15 കോടി രൂപ കൊണ്ട് 148 കാഷ്യർമാർക്ക് ഒരുവർഷം ശമ്പളം കൊടുക്കാൻ സാധിക്കും. 148 കുടുംബങ്ങൾ ഒരു വർഷം ജീവിക്കേണ്ടിടത്ത് ബഹു.രാഷ്ട്ര കമ്പനികൾക്കും ഉന്നതർക്കും തുക വീതിച്ച് നൽകി തൊഴിലില്ലാത്ത ചെറുപ്പക്കാരെ വഞ്ചിച്ചു. ഇവിടെ എടുത്ത് പറയേണ്ട കാര്യം 'വെറും 3 മാസം നൽകിയ Transanction charge ഉം Margin money മാത്രം കൊണ്ട് 148 കാഷ്യർമാർക്ക് ഒരു വർഷം ശമ്പളം നൽകാമായിരുന്നു. പരസ്യത്തുക തമിഴ്നാട്ടിലും ബംഗാളിലും പിന്നെ കേരളത്തിന്റെ മുക്കിലും മൂലയിലും, ഏരിയയിലും ലോക്കലിലും കൊടുത്ത കോടികൾ വേറെ. എല്ലാം ശരിയാക്കി എല്ലാവരേയും ശരിയാക്കി. തൊഴിൽ ഉള്ളവരെയും തൊഴിൽ ഇല്ലാത്തവരെയും ശരിയാക്കി.

KEEC (INTUC)
രക്ഷാധികാരി
കെ. മുരളീധരന്
നേമത്തേയ്ക്ക് സ്വാഗതം
വിജയാശംസകളോടെ !
കേരളാ ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ

LED യുടെ പേരിൽ ഉപഭോക്താക്കളെ പറ്റിച്ചു

ജീവനക്കാരിൽ അധികഭാരം

LED സൗജന്യമെന്ന് കൊട്ടിഘോഷിച്ചു യഥാർത്ഥത്തിൽ എന്താണ് നടന്നത്. നമ്മൾ കേരളീയർ ഞാനുൾപ്പടെ സർക്കാരിൽ നിന്ന് എന്ത് കിട്ടിയാലും നമുക്കത് വലുതാണ്. കാരണം നമ്മുടെ സർക്കാർ ജനാധിപത്യ സർക്കാരാണ്. അങ്ങനെ LED എന്ന് കേൾക്കുമ്പോൾ എല്ലാവർക്കും ആവേശം. പ്രതിപക്ഷത്തിനുപോലും LED പറയാൻ ഭയം. അതിലെ കുഴപ്പങ്ങൾ പറഞ്ഞാലും ജനം എതിരാകുമോ എന്ന ഭയം.

എന്താണ് യാഥാർത്ഥ്യം

GST ഉൾപ്പടെ 47 രൂപയുടെ LED ആണ് ഉപഭോക്താവിന് 65 രൂപയ്ക്ക് നൽകുന്നത്. ബൾബ് ഊരി എടുക്കുന്നതിന് 7 രൂപ, കൊണ്ടുവന്ന് തരുന്നതിന് 12 രൂപ, ഒരു ഉപഭോക്താവ് ഓഫീസിൽവന്ന് വാങ്ങിക്കൊള്ളമെന്ന് പറഞ്ഞാൽ 12+7=19 രൂപ കുറച്ച് കൊടുക്കുമോ? ഇല്ല. അപ്പോൾ ഉപഭോക്താക്കളെ പറ്റിക്കുകയല്ലേ ചെയ്തത്. ഫ്യൂസായി കഴിയുമ്പോൾ വീട്ടിലിരുന്ന് വിളിച്ച് പറഞ്ഞാൽ ഉപഭോക്താവിന്റെ വീട്ടിൽ കൊണ്ടുപോയി മാറ്റിക്കൊടുക്കാൻ KSEB ക്ക് സാധിക്കുമോ. അപ്പോഴേക്കും ഭരണം മാറുമല്ലോ. ഉപഭോക്താക്കളേയും ജീവനക്കാരെയും അന്ന് ബോർഡിനെതിരെ തിരിക്കാനല്ലേ ഇതൊക്കെ. അങ്ങനെ ഒന്നാംഘട്ടം ഉപഭോക്താക്കളെ ശരിയാക്കി.

രണ്ടാംഘട്ടം KSEB യെ ശരിയാക്കി സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾപോലും കുടിശ്ശിഖ ഉള്ളവർക്ക് വീണ്ടും ലോൺ കൊടുക്കില്ല. ഇവിടെ കുടിശ്ശിഖയുള്ളവർക്കുവരെ കറന്റ് ചാർജ് LED കടമായി നൽകി. അങ്ങനെ KSEB യെയും ശരിയാക്കി.

ബൾബ് മാറ്റിയിടാൻ ചെല്ലുമ്പോൾ ജീവനക്കാർ ഉപഭോക്താവിൽ നിന്നും ഒരു Declaration ഒപ്പിട്ട് വാങ്ങും. ഈ ഉപഭോക്താവ് വാടകക്കാരനാണെങ്കിൽ പണം അടയ്ക്കേണ്ടുന്ന സമയത്ത് യഥാർത്ഥ ഉടമ അടച്ചില്ലെങ്കിൽ ജീവനക്കാരൻ ബലിയാടാകുമോ.

ഫിലമെന്റ് രഹിത കേരളമെന്ന് വീമ്പടിച്ചവരോട് ചോദിക്കുകയാണ്, കേരളം ഫിലമെന്റ് രഹിതമായിട്ട് കുറേ നാളുകളായില്ലേ. CFL ൽ നിന്നും LEDയിലേക്ക് മാറുന്നത് എങ്ങനെയാണ് ഫിലമെന്റ് രഹിതമാകുന്നത്. CFL ലും ഫിലമെന്റില്ലല്ലോ.

മുൻ ഇടതു ഭരണകാലത്ത് 90 കോടി രൂപ മുടക്കി CFL വാങ്ങിയത് എല്ലാവരും മറന്നു. United Nations ൽ നിന്നും കാർബൺ ക്രെഡിറ്റ് കിട്ടും, തുക മുഴുവൻ തിരികെ കിട്ടുമെന്ന് പറഞ്ഞിട്ട് എന്തെങ്കിലും കിട്ടിയോ. 90 കോടി വെള്ളത്തിലായില്ലേ. അത് വൈദ്യുതി ചാർജ് വർദ്ധനവിലൂടെ ജനങ്ങളിൽനിന്ന് പിടിച്ച് മേടിച്ചില്ലേ. KSEB ഒരു പൊതുമേഖലാ സ്ഥാപനമാണ്. ഓഫർ തന്ന് വിലകൂടുതൽ വാങ്ങുന്ന സ്വകാര്യ കമ്പനികളെപ്പോലെ ആകരുത്. ബൾബ് വിൽക്കൽ KSEB യുടെ പണിയല്ല. ബൾബ് ചുമക്കൽ ജീവനക്കാരന്റെ പണിയുമല്ല.

ബൾബ് വാങ്ങിയതിലെ കരാറും വിചിത്രമാണ്. സാധാരണ Tender അനുസരിച്ച് Pre-Qualification പാസ്സാകുന്നവരിൽ നിന്നും റേറ്റ് വാങ്ങും. ഏറ്റവും കുറവ് Quote ചെയ്യുന്ന ആളിന് നൽകും. LED കരാറിൽ ഏറ്റവും Lowest കാരൻ 70% സപ്ലൈ ചെയ്താൽ മതി. ബാക്കി 30% തൊട്ടടുത്ത ആളിന് കിട്ടും. അപ്പോൾ ഞങ്ങൾ വിചാരിച്ച ആൾ Lowest അല്ലെങ്കിലും തൊട്ടടുത്താണെങ്കിൽ അയാൾക്കും ബിസിനസ്സ്... നമുക്കും കമ്മീഷൻ... എങ്ങനെയുണ്ട് ബുദ്ധി.

വൈദ്യുതി കണക്ഷനില്ലാത്ത... വയറിംഗ് ചെയ്യാത്ത സ്ഥലത്തുപോലും ബൾബ് വാരിക്കോരി കൊടുത്തു, എന്തിനുവേണ്ടി.

ആദ്യം അവിടെ വൈദ്യുതി നൽകിയിട്ടുവേണ്ടെ ബൾബ് നൽകാൻ. തിരുവനന്തപുരം ജില്ലയിൽ ബാലരാമപുരം സെക്ഷന്റെ കീഴിലുള്ള കൂടല്ലൂരാണ് സംഭവം. അത് ഉദ്ഘാടനം ചെയ്ത CEA റെഗുലേഷൻ ഒക്കെ കരസ്ഥമാക്കിയ ഉന്നത ഉദ്യോഗസ്ഥരെ സമ്മതിച്ച് കൊടുക്കണം.

വൈദ്യുതി നിയമ ഭേദഗതി ബിൽ പിൻവലിക്കണം

KEEC INTUC എടുത്ത നിലപാടുകൾ

വൈദ്യുതി നിയമം 2003 ൽ പാർലമെന്റിൽ പാസ്സാകുന്നത് ശബ്ദ വോട്ടെടുപ്പോടെയാണ്. പൗരത്വ നിയമവും കർഷക നിയമവുമൊക്കെ പാസ്സാക്കിയതുപോലെ BJPഗവൺമെന്റിന്റെ കാലത്ത് അവർ അവരുടെ തീരുമാനങ്ങൾ നടപ്പിലാക്കി. 2003-2006 കാലഘട്ടത്തിൽ കേരളം ഭരിച്ചിരുന്ന UDF ഗവൺമെന്റ് നിയമം ഇവിടെ നടപ്പാക്കിയില്ല. ബോർഡിനെ പിരിച്ചുവിട്ടില്ല, കമ്പനിയാക്കിയില്ല. എന്നാൽ 2006 ൽ ഭരണത്തിൽ വന്നയുടനെ അന്നത്തെ വൈദ്യുതി മന്ത്രി ശ്രീ.എ.കെബാലൻ പറഞ്ഞത് KSEB യെ 3 കമ്പനികളാക്കുമെന്നാണ്. എന്നാൽ 2006-2011 കാലഘട്ടത്തിൽ ഇടത് ഗവൺമെന്റ് KSEBയെ പിരിച്ചുവിട്ടു. ഇലക്ട്രിസിറ്റി സപ്ലൈ ആക്ട് 1948 അനുസരിച്ച് രൂപകൊണ്ട് KSEB യെ കമ്പനിയാക്കി. ഇതിനെതിരെ പണിമുടക്ക് നടത്തിയ സംഘടനയാണ് INTUC. പണിമുടക്കിയ കാലത്തെ ശമ്പളം വാങ്ങിയിട്ടുമില്ല. 2.75 കോടി മുടക്കി പുതിയ കമ്പനി രൂപീകരിച്ചു. തിരിച്ച് പോകാൻ പറ്റാത്തവിധം, BJPനയം ഇവിടെ LDFനടപ്പാക്കി. അതിന് അവർ പറയുന്ന ന്യായം കേന്ദ്ര സമ്മർദ്ധമെന്നാണ്. ആയിരിക്കാം പക്ഷേ പൗരത്വ നിയമത്തിൽ, കർഷക നിയമത്തിൽ ചെയ്തപോലെ നിയമസഭയിൽ ഒരു പ്രമേയം പാസ്സാക്കാമായിരുന്നു. കേരളത്തിന്റെ ആശങ്കകൾ കേന്ദ്രത്തെ അറിയിക്കാമായിരുന്നു. BJP യെപോലെ തന്നെ കമ്പനിവൽക്കരണം LDF ന്റെ നയമായിരുന്നു. ഈ മേഖലകൾ പിടിച്ചടക്കാൻ അവരും സൊസൈറ്റികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. INTUCയുടെ എതിർപ്പുകൾ കൊണ്ടാണ് ഇടത് ഗവൺമെന്റ് ഒരു കമ്പനിയിൽ ഒതുക്കി നിർത്തിയത്.

ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് വീണ്ടും 2003 നിയമത്തിന്റെ ഭേദഗതി ബിൽ കൊണ്ടു വന്നിരിക്കുകയാണ്. അടുത്ത്തന്നെ പാർലമെന്റിൽ ചർച്ചയ്ക്ക് വരാൻ സാധ്യതയുണ്ട്. ഇതിനെതിരെ വിവിധ സമരപരിപാടികൾ ഞങ്ങൾ നടത്തി. ഈ ഭേദഗതി നിയമമായാൽ വൈദ്യുതി വിതരണം പൂർണ്ണമായും സ്വകാര്യ കൈകളിൽ എത്തും. വൈദ്യുതി വിതരണം 99% വും പൂർത്തീകരിച്ച സംസ്ഥാനമാണ് കേരളം. വൈദ്യുതി മേഖലയിലെ സ്വത്തുക്കൾ ഗവൺമെന്റിന്റെ കൈവശമാണ്. വൈദ്യുതി കൺകറന്റ് ലിസ്റ്റിൽപ്പെട്ടതായതുകൊണ്ട് സംസ്ഥാനത്തിന് ഇക്കാര്യങ്ങൾ തീരുമാനിക്കാൻ അവകാശം ലഭിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെടേണ്ടതാണ്. എന്നാൽ കർഷക നിയമം പൗരത്വ നിയമം തുടങ്ങിയ കാര്യങ്ങളിൽ ചെയ്തതുപോലെ നിയമസഭയിൽ ഒരു പ്രമേയം പാസ്സാക്കാൻ ഇടത് ഗവൺമെന്റ് തയ്യാറാകുന്നില്ല. ഇക്കാര്യത്തിൽ ശക്തമായ ഒരു കത്ത് നൽകാൻപോലും സംസ്ഥാനം തയ്യാറാകുന്നില്ലായെന്നതിൽ നിന്നും വ്യക്തമാണ് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾക്ക് ഒരേ നിലപാട് ആണെന്നുള്ളതെന്ന്. കർഷക നിയമത്തിലും പൗരത്വനിയമത്തിലും നിയമസഭയിൽ വന്ന പ്രമേയത്തെ UDF ഉം പിന്തുണച്ചിരുന്നു.

ഭേദഗതി ബില്ലിലെ നിർദ്ദേശങ്ങൾ, വിയോജിപ്പുകൾ അറിയിക്കുവാൻ 2020 ജൂൺ 5 വരെ കേന്ദ്ര ഗവൺമെന്റ് സമയം നൽകിയിരുന്നു. കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (INTUC) കേന്ദ്രമന്ത്രിക്ക് വിശദമായ കത്ത് നൽകിയിരുന്നു. ഏതൊക്കെ സംഘടനകൾ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമക്കേണ്ടതാതാണ്. ഡ്രാഫ്റ്റ് ബിൽ, കേന്ദ്ര വൈദ്യുതി മന്ത്രിക്ക് നൽകിയ കത്ത്, വിശദാംശങ്ങളടങ്ങയ ഫയൽ ഞങ്ങൾ കേരളത്തിലെ എല്ലാ എം.പിമാർക്കും നൽകി. പാർലമെന്റിൽ ബിൽ വരുമ്പോൾ ഉന്നയിക്കേണ്ടുന്ന വിഷയങ്ങൾ ചൂണ്ടിക്കാണിച്ച് ഒറ്റയ്ക്ക് പ്രതിഷേധങ്ങൾക്കൊപ്പം പ്രവർത്തനങ്ങളും നടത്തിയ സംഘടനയാണ് KEEC INTUC.

പൊതുമേഖലാ സ്ഥാപനങ്ങൾ ഓരോന്നായി വിൽക്കുന്ന കേന്ദ്ര ഗവൺമെന്റ്

'വിത്ത് എടുത്ത് കുത്തുന്നു'

നോട്ട് നിരോധനത്തിലൂടെ ഇന്ത്യാ രാജ്യത്തെ ക്ഷീണിപ്പിച്ചവർ ഇതാ പൊതുമേഖലാ വിറ്റഴിച്ചു. ജവഹർലാൽ നെഹ്റു തൊട്ടുള്ള കോൺഗ്രസ്സിന്റെ നേതാക്കൻമാർ ഉണ്ടാക്കിവച്ച പൊതുമേഖല മുഴുവൻ വിറ്റുതുലയ്ക്കുന്ന കേന്ദ്രഗവൺമെന്റ് രാജ്യത്തുള്ള 24 ഇൻഷ്വറൻസ് കമ്പനികളിൽ 1 മാത്രം പൊതുമേഖലയിൽ അത് LIC. 4 കോടി രൂപ മുതൽ മുടക്കിൽ ജവഹർലാൽ നെഹ്റു ഉണ്ടാക്കിയ LIC യുടെ ഇപ്പോഴത്തെ ആസ്തി 1 ലക്ഷം കോടി രൂപ. 1536 കോടി രൂപ ഓരോ വർഷവും ഗവൺമെന്റിന് നൽകുന്നു. ഇപ്പോൾ മോദി ഗവൺമെന്റ് അത് വിറ്റ് തുലയ്ക്കാൻ പോകുന്നു.

രാജ്യത്തെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ ഇന്ത്യൻ റെയിൽവേ വിൽക്കാൻ പോകുന്നു. വൈദ്യുതി മേഖലയും സ്വകാര്യ കുത്തകകൾക്ക് തീറെഴുതാൻ പോകുന്നു. BSNL തകർത്തു. സ്വകാര്യ കമ്പനികൾക്ക് വളരാൻ BSNL ന് ഇപ്പോഴും 4G നൽകിയിട്ടില്ല. 3.37 ലക്ഷം കോടി (2017-18) വിറ്റുവരവുള്ള BPCL സ്വകാര്യവത്ക്കരിക്കാൻ പോകുന്നു.

അവസാനം പ്രധാനമന്ത്രി പറഞ്ഞത് ഈ ബിസിനസ്സ് ഒന്നും ഗവൺമെന്റിന്റെ പണിയല്ലായെന്നാണ്. അതുകൊണ്ട് എല്ലാം വിൽക്കുന്നു. ജനങ്ങളുടെ സ്വത്തുക്കൾ പൊതുമേഖലകൾ മുഴുവൻ കുത്തകകളുടെ കൈകളിലേയ്ക്ക്.

യുഡിഎഫ് – എൽഡിഎഫ് ഭരണം താരതമ്യം വൈദ്യുതി ബോർഡിൽ

1991–1996 യുഡിഎഫ് ഭരണം

ശ്രീ.ജി.കാർത്തികേയൻ വൈദ്യുതി മന്ത്രി ആയിരിക്കുമ്പോൾ നാളതുവരെയുള്ള ബോർഡിന്റെ ചരിത്രത്തിലെ ഏറ്റവും മെച്ചപ്പെട്ട ശമ്പള പരിഷ്ക്കരണം ലഭിച്ചു. ആവശ്യപ്പെട്ടതിലും 10 രൂപ കൂടുതൽ മിനിമം ബെനഫിറ്റിൽ ലഭിച്ചു. വൈദ്യുതി ജീവനക്കാർ എന്നും മനസ്സിൽ കാത്ത് സൂക്ഷിക്കുന്ന ഒന്നാണ് ജി.കാർത്തികേയന്റെ കാലത്തെ ശമ്പള പരിഷ്ക്കരണം കെ.എസ്.ഇ.ബി യെ ഇക്കാലയളവിൽ ലാഭത്തിലാക്കി.

1996–2001 ഇടത് ഭരണം

ഇക്കാലയളവിൽ എസ്.എൻ.സി ലാവലിൻ കരാറുൾപ്പടെയുള്ള നടപടികളുടെ ഭാഗമായി കെ.എസ്.ഇ.ബി നഷ്ടത്തിലായി. 100 കോടിയിൽ തീർക്കേണ്ടുന്ന പള്ളിവാസൽ, ചെങ്കുളം പന്നിയാർ നവീകരണ പദ്ധതി 375 കോടിയിൽ എത്തിച്ചു. 2001 ൽ എൽ.ഡി.എഫ് ഭരണം ഒഴിയുമ്പോൾ 5500 കോടി രൂപ കടത്തിലായിരുന്നു കെ.എസ്.ഇ.ബി. പ്രതിമാസ ശമ്പളത്തിനും പെൻഷനും വേണ്ടി കടം വാങ്ങേണ്ട അവസ്ഥയായിരുന്നു. പ്രതിമാസം 150 കോടിരൂപ കടംവാങ്ങി പ്രവർത്തനം നടത്തിയ സ്ഥാപനമായിരുന്നു. ജീവനക്കാർ തങ്ങളുടെ ശമ്പളത്തിൽ നിന്നും പി.എഫ് നിക്ഷേപിക്കുന്ന പണം തിരികെ ലഭിക്കണമെങ്കിൽ ഒരുവർഷം വരെ കാത്തിരിക്കണമായിരുന്നു. മകളുടെ വിവാഹ ആവശ്യത്തിനുവേണ്ടി പി.എഫിൽ നിന്നും എൻ.ആർ.എ യോ ലോണിനോ അപേക്ഷിച്ചാൽ കുട്ടിയുടെ കല്ല്യാണം കഴിഞ്ഞ് കൊച്ചുമക്കൾ ജനിച്ചാൽപോലും കിട്ടില്ലായിരുന്നു. ഇക്കാലയളവിലാണ് ഇടത് ഭരണത്തിൻ കീഴിലുള്ള സഹകരണ സംഘങ്ങളെ രക്ഷപ്പെടുത്താൻ 90 രൂപ മുടക്കി കലണ്ടർ അടിച്ചത്.

കെ.എസ്.ഇ.ബി നിലനിൽക്കുന്നതിനുവേണ്ടി 17% വരെ കടമെടുത്ത തുക ട്രഷറിയിൽ 5% പലിശയ്ക്ക് നിർബന്ധിതരായ അവസ്ഥ. ഇക്കാലയളവിലാണ് വിഷൻ 2000 എന്ന പേരിൽ ബോർഡിനെ റീസ്ട്രക്ച്ചർ ചെയ്യുന്നതിനുള്ള തീരുമാനം എടുത്തതും വൻതോതിൽ തസ്തികകൾ വെട്ടിക്കുറച്ചതും. കെ.എസ്.ഇ.ബി യുടെ ആക്രി സാധനങ്ങൾ CPM നേതാക്കളുടെ പ്രതിമയുണ്ടാക്കാൻ കൊടുത്തതും അത് എതിർത്ത ചീഫ് എഞ്ചിനീയറെ സ്ഥലം മാറ്റിയതും. 5 വർഷ ഇടതുഭരണത്തിൽ കെ.എസ്.ഇ.ബി യെ നഷ്ടത്തിലാക്കാൻ ഇടതർക്ക് സാധിച്ചു. ഒരിക്കലും രക്ഷപ്പെടാൻ പറ്റാത്ത അവസ്ഥ സൃഷ്ടിച്ചു.

2001–2006 യുഡിഎഫ് ഭരണം

5500 കോടി കടമുണ്ടായിരുന്ന സ്ഥാപനത്തെ നല്ല രീതിയിലുള്ള പ്രവർത്തനത്തിലൂടെ കടം മുഴുവൻ വീട്ടുന്നതിനും ലാഭത്തിലാക്കുന്നതിനും സാധിച്ചു. പി.എഫിന് അപേക്ഷിച്ചാൽ അതത് മാസത്തിൽ തന്നെ ലഭിക്കുന്ന സാഹചര്യം ഉണ്ടായി. കെ.എസ്.ഇ.ബി യുടെ മികച്ച പ്രവർത്തനത്തിന് കേന്ദ്ര ഗവൺമെന്റിൽ നിന്നും അവാർഡ് ലഭിച്ചു. അതിന്റെ വിഹിതം ജീവനക്കാർക്കും 500 രൂപ വച്ച് നൽകി. 1995 ബാച്ചിൽ കയറിയ വർക്കേഴ്സിനെ മുഴുവൻ LMII ഉം LMI ഉം ആയി പ്രമോഷൻ നൽകി. വർഷങ്ങളായി കേസിൽ കിടന്നിരുന്ന 6000 ത്തോളം വർക്കർ ലൈൻമാൻ പ്രമോഷൻ അങ്ങനെ നടപ്പിലാക്കി. വർക്കർ ലൈൻമാൻ പ്രമോഷൻ സ്റ്റേറ്റ്വൈസ് ആക്കി. ഈ പ്രമോഷൻ നടന്നതുകൊണ്ടാണ് തുടർന്നുള്ള എല്ലാ പ്രമോഷനും നടന്നത്. അതിന്റെ ഭാഗമായാണ് ഇപ്പോൾ നടന്ന വർക്കർ നിയമനങ്ങൾ എല്ലാം നടന്നത്. 1995 ബാച്ചിൽ കയറിയവർക്ക് 8 വർഷത്തോളം പ്രമോഷൻ ലഭിക്കാതിരുന്ന സാഹചര്യവും അതേതുടർന്ന് തടയപ്പെട്ട നിരവധി പ്രമോഷനുകളുമാണ് ഈ കാലയളവിൽ പൂർത്തിയാക്കിയത്. 2006 ൽ യു.ഡി.എഫ് ഭരണം ഒഴിയുമ്പോൾ മുഴുവൻ കടങ്ങളും വീട്ടിയതിനുശേഷം 3000 കോടി രൂപയോളം ഫിക്സഡ് ഡെപ്പോസിറ്റ് വിവിധ ബാങ്കുകളിലായി നിക്ഷേപിച്ചു. 2006 ൽ 256 കോടി രൂപ ലാഭം ലഭിച്ചതിന്റെ പേരിൽ ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ്ജ് യൂണിറ്റിന് 20 പൈസ കുറച്ച് ഉപകാരപ്രദമായ നടപടി സ്വീകരിച്ച് ചരിത്രം തിരുത്തി. വൈദ്യുതി നിയമം 2003 ൽ പ്രാബല്യത്തിൽ ആയെങ്കിലും കെ.എസ്.ഇ.ബി യെ 2003 മുതൽ 2006 വരെയുള്ള യുഡിഎഫ് കാലയളവിൽ ബോർഡായിതന്നെ നിലനിർത്തി. കേന്ദ്ര ഗവൺമെന്റ് നിർബന്ധിച്ചിട്ടും കമ്പനിയാക്കിയില്ല. യു.ഡി.എഫ് കാലത്ത് കെ.എസ്.ഇ.ബി വീണ്ടും ലാഭത്തിലായി.

2006–2011 ഇടത് ഭരണം

ഈ കാലയളവിൽ കെ.എസ്.ഇ.ബി വീണ്ടും നഷ്ടത്തിലായി. തൊഴിലാളി ദ്രോഹ നടപടികൾ സ്വീകരിച്ചു. സ്റ്റാഗ്നേഷൻ കൊണ്ടുവന്നു. ശമ്പള പരിഷ്ക്കരണത്തിലൂടെ ശമ്പളം വെട്ടിക്കുറച്ചു. പുതിയ സെക്ഷനുകളിൽ ഒഴിവുകൾ അനുവദിക്കേണ്ടായെന്ന് ഉത്തരവിറക്കി. റെഗുലേറ്ററി കമ്മീഷന്റെ പേര് പറഞ്ഞ് ഡി.എ തടഞ്ഞുവച്ചു. ബോർഡിനെ കമ്പനിയാക്കി മോഡൽ സെക്ഷൻ കൊണ്ടുവന്നു. അങ്ങനെ ബോർഡിനെ എസ്.എൻ.സി ലാവലിൻ നിർദ്ദേശ പ്രകാരം ഈ കാലത്ത് ഇല്ലാതാക്കി. പി.എഫിന് അപേക്ഷിച്ചാൽ 6 മാസം കാത്തിരിക്കേണ്ട ഒരു സാഹചര്യം ഉണ്ടാക്കി. ലീവ് സറണ്ടറിന് അപേക്ഷിച്ചാൽ കിട്ടാൻ കാലതാമസം വന്നു. മോഡൽ സെക്ഷനിലൂടെ വൻതോതിൽ തസ്തികകൾ വെട്ടിക്കുറച്ചു. അങ്ങനെ പഴയ ഇടതുകാലം വീണ്ടും ആവർത്തിച്ചു. കെ.എസ്.ഇ.ബി വീണ്ടും കടത്തിലായി.

2011–2016 യുഡിഎഫ് ഭരണം

ഈ കാലയളവിൽ കെ.എസ്.ഇ.ബി യുടെയും ജീവനക്കാരുടേയും സുവർണ്ണകാലമെന്ന് പറയാം. ഇടതുകാലത്ത് ഉണ്ടായിരുന്ന കടം കുറയ്ക്കുവാൻ സാധിച്ചു. എല്ലാ പ്രമോഷനുകളും നിയമനങ്ങളും നടത്തി. പി.എഫിന് അപേക്ഷിച്ചാൽ അന്നുതന്നെ ലഭിക്കുന്ന സാഹചര്യം സർക്കാർ ജീവനക്കാർക്ക് അനുവദിക്കുന്ന അതേമാസം തന്നെ കെ.എസ്.ഇ.ബി യിലും ഡിഎ, ലീവ് സറണ്ടർ ഉടൻ ലഭിച്ചു. ഇടത്കാലത്ത് കുടിശ്ശികയായിരുന്നതുൾപ്പടെ എല്ലാ ആശ്രിത നിയമനങ്ങളും നടത്തി. അങ്ങനെ ആശ്രിത നിയമനം ഓരോ മാസവും നൽകിയിരുന്നു. ഇടതുകാലത്ത് ബോർഡിനെ കമ്പനിയാക്കി. എന്നാൽ പെൻഷന് ഗ്യാരന്റി തരുകയോ, ത്രികക്ഷി കരാറിൽ ഒപ്പ് വയ്ക്കുകയോ ചെയ്തില്ല. യു.ഡി.എഫ് കാലത്ത് ഇതെല്ലാം പൂർത്തിയാക്കി. ഒരു ത്രികക്ഷി കരാർ ഒപ്പ് വച്ചു. ആ കരാറാണ് CEA റെഗുലേഷൻ കേസിൽ ബഹു.ഹൈക്കോടതിയിൽ നിന്നും ജീവനക്കാർക്ക് അനുകൂല വിധി ലഭിക്കാൻ സഹായിച്ചത്.

2016 ലെ ദീർഘകാല കരാർ വെറും 2 ദിവസത്തെ ചർച്ചകൊണ്ട് പൂർത്തിയാക്കി. ഏറ്റവും മെച്ചപ്പെട്ട ശമ്പളപരിഷ്ക്കരണം ജീവനക്കാർക്ക് നൽകി. 2002 ന് ശേഷം ആദ്യമായി 84 സെക്ഷനുകളിലെ തസ്തികകൾ അനുവദിച്ചു. 2500 ഓളം പുതിയ തസ്തികകൾ അനുവദിച്ചു. കെ.എസ്.ഇ.ബി യെ ഇന്ത്യയിലെ ഏറ്റവും വലിയ മെച്ചപ്പെട്ട ഒന്നാക്കി.

ഇവിടെ നടത്തിയ താരതമ്യപഠനം മനസ്സിലാക്കാനുള്ളതാണ്. എന്നും ഇടത് ഭരണത്തിൽ കെ.എസ്.ഇ.ബി നഷ്ടത്തിൽ, ജീവനക്കാർക്ക് ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്നു, പ്രമോഷനുകൾ ഇല്ലാതാകുന്നു. യു.ഡി.എഫ് ഭരണത്തിൽ ലാഭത്തിലാകുന്നു. മെച്ചപ്പെട്ട ശമ്പള പരിഷ്ക്കരണവും ആനുകൂല്യങ്ങളും പ്രമോഷനും ലഭിക്കുന്നു ഇനിയും കെ.എസ്.ഇ.ബി യെ നഷ്ടത്തിലാക്കണോ... ചിന്തിക്കൂ...

2016–2021 കെ.എസ്.ഇ.ബി ജീവനക്കാരുടെ ദുരന്തകാലം

1. പുതിയ സെക്ഷനുകളിൽ തസ്തകകൾ അനുവദിച്ചില്ല
2. നിയമനങ്ങൾ നടത്തിയില്ല
3. പ്രമോഷനുകൾ തടസ്സപ്പെടുത്തി.
4. പെൻഷൻ ഫണ്ടിലേയ്ക്ക് പണമടച്ചില്ല.
5. പെൻഷൻ ട്രസ്റ്റിന്റെ യോഗം quarterly കൂടണമെന്നിരിക്കെ ആകെ 5 വർഷത്തിനിടയ്ക്ക് 2 യോഗം മാത്രമാണ് കൂടിയത്.
6. ടെർമിനൽ ബെനഫിറ്റായ ടെർമിനൽ ലീവ് സറണ്ടറിലും കമ്മ്യൂട്ടേഷനിലും Tax ഏർപ്പെടുത്തി.
7. ക്വാർട്ടേഴ്സിൽ താമസിക്കുന്നവർക്ക് Income tax ഏർപ്പടുത്തി
8. ജീവനക്കാർ കോടതിയെ സമീപിക്കുന്നത് വിലക്കി. ഭരണഘടന അവകാശം നിഷേധിച്ച് ഉത്തരവിറക്കി. അത് ബഹു.ഹൈക്കോടതിയിൽ KEEC (INTUC) സ്റ്റേ ചെയ്തു
9. സാലറി കട്ട്, സാലറി ചലഞ്ച് ഏർപ്പെടുത്തി.
10. CEA റെഗുലേഷിൽ നിന്നും നിലവിലുള്ള ജീവനക്കാരെ ഒഴിവാക്കിക്കൊണ്ട് റെഗുലേറ്ററി കമ്മീഷൻ 29.12.2016 ഉത്തരവിറക്കിയിരുന്നു. എന്നാൽ ഇതേതുടർന്ന് ഗവൺമെന്റ് ഉത്തരവ് ഇറക്കാതെ ഈ പ്രശ്നം വഷളാക്കി സുപ്രീം കോടതിയിൽ എത്തിച്ചു. 6 മാസം കഴിഞ്ഞാണ് കേരള ഗവൺമെന്റ് ബഹു.സുപ്രീം കോടതി വിധിയിൽ മറുപടി കൊടുത്തത്. ഓഫീസർമാരെ ഇല്ലാത്ത തസ്തികകളിലാണ് നിയമനം നടത്തുന്നത്. അടുത്ത 3 മാസങ്ങളിലെ റിട്ടയർമെന്റ് ഒഴിവുകളിൽ വരെ ഓഫീസർമാർക്ക് ട്രാൻസ്ഫർ നൽകി.
11. ഇൻസർവ്വീസ് ക്വാട്ട ആയ 20% (SE to AE) പുറത്ത് മറിച്ചുവിൽക്കാൻ ശ്രമം നടത്തി. അത് ബഹു.ഹൈക്കോടതിയിൽ സ്റ്റേ ചെയ്തതും KEEC (INTUC) മാത്രം. അതുകൊണ്ട് അടുത്തിടെ നടന്ന എല്ലാ പ്രമോഷന്റേയും 162 ഒഴിവുകൾ INTUC യുടെ സംഭാവനയാണ്.
12. 12.ഇലക്ഷൻ പെരുമാറ്റച്ചട്ടം ലംഘിച്ച് 87 അസിസ്റ്റന്റ് എഞ്ചിനീയർമാരെ സൂപ്പർ ന്യൂമറിയായി നിയമിക്കാൻ ശ്രമിച്ചവർ വർക്ക്മെൻ വിഭാഗത്തിന് അർഹതപ്പെട്ട പ്രമോഷനും നിയമനവും ഇല്ലാതാക്കി.

ഇടതുകാലത്ത് കേരളത്തിൽ ജനദ്രോഹ നടപടികൾ സ്വീകരിച്ചുവെങ്കിൽ ഇപ്പോൾ കേന്ദ്രത്തിലും അതേനയം തന്നെ തുടരുന്നു. തൊഴിലാളി ദ്രോഹ നടപടികൾ പലതും കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിരിക്കുകയാണ്. പി.എഫിൽ നിന്നും തുക പിൻവലിക്കുമ്പോൾ ടാക്സ്, തൊഴിൽ നിയമ ഭേദഗതി, തൊഴിലാളി ദ്രോഹ നടപടികൾ, ക്രൂഡോയിലിന്റെ വില കുറഞ്ഞിട്ടും പെട്രോളിയം ഉത്പ്പന്നങ്ങൾക്ക് വില കുറയ്ക്കാതെ കോർപ്പറേറ്റുകളെ സഹായിക്കുന്നു. സബ്സിഡികൾ മുഴുവൻ ഇല്ലാതാക്കുന്നു. പെട്രോളിന് 50 പൈസ കൂടുമ്പോൾ സമരം ചെയ്തിരുന്നവർ ഇപ്പോൾ എന്തേ ഒരക്ഷരം ഉരിയാടാത്തത്?

മേൽപ്പറഞ്ഞ കാര്യങ്ങൾ കണക്കിലെടുത്ത് തുടർഭരണം ആരെ ഏൽപ്പിക്കണമെന്ന് ജീവനക്കാർ സ്വതന്ത്രമായി ചിന്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

അഡ്വ.സിബിക്കുട്ടി ഫ്രാൻസിസ്
ചീഫ് കോർഡിനേറ്റർ & വക്താവ്
കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐ.എൻ.റ്റി.യു.സി

കെഫോൺ (KFON) KSEB യുടെ മറ്റൊരു ബാധ്യത; അന്തിമം വൈദ്യുതി ചാർജ് വർദ്ധനവ്

എന്താണ് KFON സ്മാർട്ട് ഫോൺ ലഭിക്കുമോ?

KFON (Kerala Fiber Optic Network) എന്ന് കേൾക്കുമ്പോൾ ആരെങ്കിലും ഫോൺ കിട്ടുമെന്ന് വിചാരിച്ചാൽ തെറ്റ്പറയാനാകില്ല. KFON ഒരു കമ്പനിയാണ്. ഒരു സംയുക്ത സംരംഭം കേരള സ്റ്റേറ്റ് ഐ.ടി ഇൻഫ്രാ സ്ട്രക്ച്ചർ ലിമിറ്റഡ് (KSITIL) ഉം KSEBLഉം ചേർന്നുള്ള ഒരു Joint Venture. KSEBയ്ക്ക് 49%, KSITIL ന് 49% ഷെയർ, കേരള ഗവൺമെന്റിന് 2% ഷെയർ. KSEB യുടെ സ്വത്തുക്കൾ ഇങ്ങനെ Joint Venture ബിസിനസ്സിന് ഉപയോഗിച്ചതിന്റെ കാരണം... അതിന്റെ ഉത്തരം വലുതാണ്. ഇത് KSEB നേരിട്ട് നടത്തിയാൽ KSEB യിലെ നിയമനങ്ങൾ PSC വഴി ആയതുകൊണ്ട് KFON ലെ നിയമനങ്ങൾ PSC വഴി ആക്കേണ്ടിവരും. അപ്പോൾ ബന്ധുനിയമനങ്ങൾ നടക്കില്ലല്ലോ. ബന്ധുനിയമനത്തിന് വേണ്ടിയല്ലേ Joint Venture ആക്കിയത്. AG യുടെ Audit വേണ്ടായെന്ന് വയ്ക്കാമല്ലോ അങ്ങനെ പല വളഞ്ഞ വഴികൾ. KFON കമ്പനി ഇന്റർനെറ്റ് പ്രൊവൈഡർ ആണോ, അല്ല. KFON കമ്പനി ചുരുക്കത്തിൽ ഒരു കേബിൾ ശൃംഖല മാത്രം. ഉപഭോക്താക്കൾക്ക് ഇന്റർനെറ്റ് നൽകണമെന്നുണ്ടെങ്കിൽ ജിയോ ഉൾപ്പടെയുള്ള സ്വകാര്യ കമ്പനികളിൽ നിന്നും വാടകയ്ക്കെടുക്കണം. ഇന്റർനെറ്റ് ബിസിനസ്സിൽ വിദഗ്ദ്ധരായ സ്വകാര്യ കമ്പനികൾ കേന്ദ്ര ഗവൺമെന്റിന് അടയ്ക്കാനുള്ള 1.73 ലക്ഷം കോടിയാണ്. ഈ രംഗത്തെ പരിചയ സമ്പന്നരായ BSNLവരെ നഷ്ടത്തിലാണ്. ഈ കേബിൾ ബിസിനസ്സിൽ ജിയോ ഒഴിവാക്കാൻ ഞങ്ങൾ ഏറ്റെടുത്ത് സർക്കാരിൽ നടപ്പിലാക്കി എന്നാണ് ഇതിന്റെ വക്താക്കൾ പറയുന്നത്. അവസാനം ജിയോ പോലുള്ള സ്വകാര്യ കമ്പനികൾ KSEB യെ കൊണ്ട് പോകാതിരുന്നാൽ ഭാഗ്യം.

20 ലക്ഷം BPL കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് നൽകുമെന്നാണ് പറയുന്നത്. BPL കുടുംബങ്ങൾക്ക് ആദ്യം ഒരു സ്മാർട്ട് ഫോൺ കൊടുക്കൂ, ലാപ്ടോപ്പ് കൊടുക്കൂ, 40 യൂണിറ്റ് വരെ സൗജന്യമായി വൈദ്യുതി നൽകൂ, അതിന് ശേഷം പോരെ ഫ്രീ ഇന്റർനെറ്റ്. ഈ കാലഘട്ടത്തിൽ എല്ലാ മൊബൈൽ കമ്പനികളും എല്ലാവർക്കും കോളിനൊപ്പം 2 GB ഡാറ്റയും നൽകുന്നുണ്ട്. ഏറ്റവും കൂടുതൽ ഡാറ്റ ആവശ്യം വന്ന കോവിഡ് കാലത്ത്പോലും അതുകൊണ്ട് കാര്യം നടത്തി. അപ്പോഴാണ് സൗജന്യ ഇന്റർനെറ്റ്. അങ്ങനെ സൗജന്യം കൊടുക്കണമെന്നുങ്കിൽ നമ്മുടെ ഉത്പ്പന്നമായ വൈദ്യുതി സൗജന്യമായി നൽകൂ.

20 ലക്ഷം കുടുംബങ്ങൾക്ക് ഇന്റർനെറ്റ് ഫ്രീ ആയി നൽകുമ്പോൾ average ഒരാൾക്ക് 100 രൂപ കൂട്ടിയാൽ 20 കോടി രൂപ വേണ്ടേ. ഈ ബിസിനസ്സിന് വേണ്ടുന്ന 2000 കോടിയുടെ പലിശ തിരിച്ചടവ് ഉൾപ്പടെ ആകെ 80 കോടി രൂപ പ്രതിമാസം അധികം കണ്ടെത്തേണ്ടേ. നിലവിൽ കേബിൾ കമ്പനികളിൽ നിന്നും ലഭിക്കുന്ന 65 കോടി ഇല്ലാതാകുമ്പോൾ നഷ്ടം കൂടും. 1000 കോടി പ്രതിമാസം വരുമാനമുള്ള KSEB 100 കോടി അധികമായി കണ്ടെത്തണമെങ്കിൽ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കേണ്ടിവരില്ലേ. സർക്കാർ സ്ഥാപനങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് നൽകേണ്ട ബാധ്യതയും KSEB യുടെയും ജനങ്ങളുടെയും തലയിൽ വരില്ലേ.

BPL ന് ഫ്രീ എന്ന് പറഞ്ഞാൽ ആരും എതിർക്കില്ല. അത്കൊണ്ടാണ് അതിൽ കയറിപ്പിടിച്ചിരിക്കുന്നത്. ഇത് വസ്തുതകൾക്ക് വിരുദ്ധമാണ്.

ഒരുവർഷം 5 കോടിയുടെ ബിസിനസ് നടത്തിയപ്പോൾ 1.5 കോടി നഷ്ടം വരുത്തിയവർ KSITIL.

KSITIL ന്റെ കഴിഞ്ഞ വർഷത്തെ വരുമാനം 5 കോടിയും ചിലവ് 6.5 കോടി രൂപയുമാണ്. സ്വപ്ന സുരേഷ് ജോലി ചെയ്ത സ്ഥാപനം. Price Water Cooper കൺസൾട്ടന്റായ സ്ഥാപനം. കേരളത്തിലെ എല്ലാ അഴിമതിയും മുഖ്യമന്ത്രിയുടെ പ്രൻസിപ്പൽ സെക്രട്ടറിയുടെ തലയിലാണ്. അങ്ങനെയെങ്കിൽ അദ്ദേഹം നേതൃത്വം കൊടുത്ത KFON ഉം അന്വേഷണ പരിധിയിൽ ആക്കണ്ടേ.

KFON ന്റെ Estimate Cost 1028 കോടിയായിരുന്നത് എങ്ങനെ Tender വിളിച്ചപ്പോൾ 1548 കോടിയായി. GST ഉൾപ്പടെ 2000 കോടിയ്ക്കടുത്താകില്ലേ. ചൈനയിൽ നിന്നും ഇറക്കിയ സാധനങ്ങൾ Virtual ആയി പരിശോധിക്കാനല്ലേ ഉത്തരവ്. 2000 കോടിയുടെ ബിനിനസ്സിൽ സാധനങ്ങൾ പരിശോധിക്കുന്നത് ഓൺലൈനിൽ.. കാട്ടിലെ തടി തേവരുടെ ആന... എല്ലാം ശരിയാകും.

ഗവൺമെന്റിന്റെ അനുവാദം കിട്ടുന്നതിന് മുമ്പ് Tender നടപടികൾ ആരംഭിച്ചില്ലേ? ആര് പറഞ്ഞിട്ട്.? KSEBയുടെ സ്വത്തുക്കൾ മറ്റൊരാവശ്യത്തിന് ഉപയോഗിച്ചാൽ അതിൽ നിന്ന് കിട്ടുന്ന ലാഭം വൈദ്യുതി ചാർജ്ജ് കുറയ്ക്കാൻ ഉപയോഗിക്കണം. (Section 41,50 വൈദ്യുതി നിയമം 2003). ഇവിടെ ലാഭമോ.. നഷ്ടമോ വരുന്നത്... അപ്പോൾ ഈ പദ്ധതി വൈദ്യുതി നിയമത്തിന് എതിരല്ലേ. എല്ലാ കാര്യത്തിലും കേന്ദ്രത്തിന്റെ ആജ്ഞാനവർത്തികൾ ഇതിൽമാത്രം എതിര്. KFON പദ്ധതിയ്ക്ക് റെഗുലേറ്ററി കമ്മീഷൻ അനുവാദം നൽകിയിട്ടുണ്ടോ. കമ്മിഷന്റെ പൂർണ്ണ അനുവാദം ഇല്ലാതെയാണ് പ്രവർത്തനങ്ങൾ തുടങ്ങിയിരിക്കുന്നത്.

ഹൈഡ്രൽ ടൂറിസവും KSEBയും ബന്ധു നിയമനങ്ങളും

KSEB യുടെ പ്രോജക്ട് ഏരിയായിലുള്ള സ്ഥലം ടൂറിസത്തിന് പ്രയോജനപ്പെടുത്തുന്നത് നല്ല കാര്യം. എന്നാൽ അതിന്റെ പേരിൽ പുതിയ സൊസൈറ്റി

അദാനിയുടെ WIND ENERGY, തിരുവനന്തപുരം എയർപോർട്ട് എല്ലാം ഒത്തുകളി

നിലവിൽ വൈദ്യുതി മിച്ചം പകൽ സമയത്ത് ഫിക്സഡ് ചാർജ്ജ് കൊടുക്കുമ്പോഴാണ് KSEBL മറ്റൊരു 75 MW വൈദ്യുതിക്ക് അദാനി WIND ENERGY കോർപ്പറേഷനുമായി കരാറിൽ 25 വർഷത്തേയ്ക്ക് ഒപ്പുവച്ച് അദാനിയുമായിട്ടുള്ള സൗഹൃദം ഒരിക്കൽക്കൂടി ഉറപ്പിച്ചു. സാധാരണ ദീർഘകാല കരാറുകൾ 12 വർഷമാണെങ്കിൽ ഇപ്പോൾ ഒപ്പുവച്ച കരാർ 25 വർഷത്തേയ്ക്ക്. ഇതുവഴി ഭാവിയിലുണ്ടാകുന്ന ബാധ്യത 3132 കോടി രൂപ കാട്ടിലെ തടി തേവരുടെ ആന. ഭരണകാലത്തെ അവസാന കരാറുകളിൽ ഒരെണ്ണം മാത്രം. തിരുവനന്തപുരം എയർപോർട്ട് നവീകരണം അദാനിക്ക് നൽകാതിരിക്കാൻ ജനങ്ങളെ കബളിപ്പിച്ച് സമരങ്ങൾ ഇടതുപക്ഷം നടത്തിയില്ലേ. TIAAL(തിരുവനന്തപുരം ഇന്റർനാഷണൽ എയർപോർട്ട് അതോറിറ്റി ലിമിറ്റഡ്) ഷെയർ 74% സ്വകാര്യ വ്യക്തികൾക്കല്ലേ കിട്ടൂ. 500 കോടിയിൽ കൂടുതൽ ആസ്തി ഉള്ളവർക്കല്ലേ ഷെയർ കിട്ടൂ. ഇവർ കുത്തകകളല്ലേ. അതുപോട്ടേ Tender 168 കോടിക്കാണ് അദാനിക്ക് കിട്ടിയത്. 10% (17 കോടി) കുറച്ചായിരുന്നെങ്കിൽപോലും അതായത് 151 കോടി quote ചെയ്തിരുന്നെങ്കിലും നമ്മുക്ക് കിട്ടുമായിരുന്നു 135 കോടി quote ചെ്തു. അപ്പോൾ കൂടുതൽ quote ചെയ്ത അദാനിക്ക് കിട്ടി. കേരളത്തിന്റെ RATE എതിർകക്ഷികൾ എങ്ങനെ അറിഞ്ഞു. കേരളത്തിന്റെ tender ഡോക്യുമെന്റ്സ് തയ്യാറാക്കിയ മംഗൾദാസ് കമ്പനി അദാനിയുടെ മരുമകൾക്ക് ഷെയർ ഉള്ള കമ്പനിയെന്ന് മാധ്യമങ്ങളിൽ നിന്നും മനസ്സിലാക്കുന്നു.

സ്റ്റാറ്റ്യൂട്ടറി പെൻഷൻ KSEB ജീവനക്കാർക്ക്

KSEB ജീവനക്കാർക്ക്/സർക്കാർ ജീവനക്കാർക്ക് ഇപ്പോൾ Contributory Pension ആണ്. 1.4.2013 ന് മുമ്പുണ്ടായിരുന്ന സ്റ്റാറ്റ്യൂട്ടറി പെൻഷൻ പിന്നീട് നിഷേധിച്ചത് ആരാണ്. യുഡിഎഫ് സർക്കാരാണോ? യാഥാർത്ഥ്യം എന്ത്. KSEBL ലെ 99% ജീവനക്കാർക്കും നിലവിൽ ഇന്ത്യാ രാജ്യത്തുള്ള നിയമം അനുസരിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷന് ഇപ്പോൾ അവകാശമില്ലേ. അത് നിഷേധിച്ച ഇടത് സർക്കാരിനും ബോർഡ് മാനേജ്മെന്റിനും തൊഴിലാളി മാപ്പ് നൽകുമോ. മേൽ പറഞ്ഞ എല്ലാ ജീവനക്കാർക്കും തൊഴിൽ നൽകിയത് UDF സർക്കാരാണ്. അവർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ വാങ്ങിക്കൊടുക്കുവാനുള്ള ഉത്തരവാദിത്തം ഞങ്ങൾ ഏറ്റടുക്കുന്നു.

ഇന്ത്യാ രാജ്യത്ത് 2004 ജനുവരി മുതലാണ് കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി നിലവിൽ വന്നത്. BJP സർക്കാരാണ് അത് നടപ്പിലാക്കിയത്. അല്ലാതെ കോൺഗ്രസ്സ് ഗവൺമെന്റ് അല്ല. ഇന്ത്യാ രാജ്യത്ത് കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി നടപ്പിലാക്കിയ 2004 ൽ കേരളം ഭരിച്ചിരുന്നത് യുഡിഎഫ് സർക്കാരാണ്. 2006 വരെ കേരളം ഭരിച്ചിരുന്നത് യുഡിഎഫ് സർക്കാരാണ്. അന്നൊന്നും കേന്ദ്ര നിയമം യുഡിഎഫ് സർക്കാർ ഇവിടെ നടപ്പിലാക്കിയില്ല. എന്നാൽ 2013 ൽ കേന്ദ്രം നിർബന്ധം പിടിച്ചപ്പോൾ ഇന്ത്യയിൽ മറ്റ് ഭൂരിപക്ഷം സംസ്ഥാനങ്ങളിലും കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി BJP സർക്കാരിന്റെ നിർബന്ധം മൂലം നടപ്പാക്കിയപ്പോൾ കേരളത്തിലും നടപ്പിലാക്കേണ്ടിവന്നു. അതാണ് സത്യം.

വൈദ്യുതി നിയമം 2003 വരുമ്പോൾ കേരളം ഭരിച്ചിരുന്നത് യുഡിഎഫ് സർക്കാരാണ്. 2003 മുതൽ 2006 വരെ യുഡിഎഫ് കാലഘട്ടത്തിൽ KSEB യെ യുഡിഎഫ് സർക്കാർ പിരിച്ച് വിട്ടില്ല. കമ്പനിയാക്കിയില്ല, എന്നാൽ 2006 ൽ ഭരണത്തിൽ വന്ന ഇടത് സർക്കാർ 2010 ൽ

2.75 കോടി രൂപ മുടക്കി കമ്പനി രജിസ്റ്റർ ചെയ്ത് ബോർഡിനെ പിരിച്ചുവിട്ടു. ഇടത് യൂണിയനും ഗവൺമെന്റും പറയുന്നത് കേന്ദ്ര സമ്മർദ്ദം എന്നാണ്. നിയമസഭയിൽ ഇതിനെതിരെ ഒരു പ്രമേയംപോലും പാസ്സാക്കാതെ ഒറ്റയടിക്ക് പിരിച്ചുവിട്ട അതേ സമ്മർദ്ദമാണ് സ്റ്റാറ്റ്യൂട്ടറി പെൻഷൻ കാര്യത്തിലും 2013 ൽ സംഭവിച്ചത്.

2016 ൽ ഇടതുപക്ഷം ഭരണത്തിൽ വരുന്നത് ജീവനക്കാർക്ക് ഒരു മോഹന വാഗ്ദാനം നൽകിക്കൊണ്ടാണ്. ഞങ്ങൾ ഭരണത്തിൽ വന്നാൽ കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി ഇല്ലാതാക്കി സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതി കൊണ്ടുവരും. 2016 മുതൽ 2021 വരെ അഞ്ച് വർഷം ഭരിച്ചു. കമ്മീഷനെ വച്ചു. കോടികൾ ചിലവാക്കി അവസാനം നടക്കില്ല എന്ന ഒറ്റവാക്ക്, മാത്രവുമല്ല നമ്മുടെ ധനമന്ത്രി ഇത് നോട്ടിഫിക്കേഷൻ ഇറക്കി കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി നിയമപരവുമാക്കി യുഡിഎഫ് സർക്കാർ നോട്ടിഫിക്കേഷൻ ഇറക്കിയിരുന്നില്ല.

ഇനിയും ഇതിന്റെ പേരിൽ ഇടതുപക്ഷം വോട്ട് പിടിക്കേണ്ടായെന്ന് ധനമന്ത്രി തീരുമാനിച്ചു. എല്ലാവർക്കും സ്റ്റാറ്റ്യൂട്ടറി പെൻഷൻ എന്നുള്ളതാണ് ഞങ്ങളുടെ നിലപാട്. എന്നാൽ കേന്ദ്ര നിയമമാണ് അതിന് വിഘാതമായി നിൽക്കുന്നത്.

ഇനി വസ്തുതകളിലേയ്ക്ക് വരാം. കേരളത്തിലെ സർക്കാർ ജീവനക്കാർക്കും KSEB ജീവനക്കാർക്കും സ്റ്റാറ്റ്യൂട്ടറി പെൻഷന് അവകാശം ഉണ്ടോ? ഉണ്ട്. 1.4.2013 ന് മുമ്പ് നോട്ടിഫിക്കേഷനുള്ള എല്ലാവർക്കും അതിന് അവകാശമുണ്ട്. KSEBയിലെ നിലവിലുള്ള 99% ജീവനക്കാർക്കും സ്റ്റാറ്റ്യൂട്ടറി പെൻഷന് അവകാശമുള്ളവരാണ്.

കേന്ദ്ര ഗവൺമെന്റ് 2004 ൽ കോൺട്രിബ്യൂട്ടറി Scheme നടപ്പാക്കി. അതിന് മുമ്പ് നോട്ടിഫിക്കേഷൻ ഉള്ളതും എന്നാൽ 2004 ന് ശേഷം സർവ്വീസിൽ ചേർന്നതുമായ ഒരു BSF ജവാൻ തനിക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷന് അവകാശമുണ്ടെന്ന് കാണിച്ച് ബഹു.ഡൽഹി ഹൈക്കോടതിയിൽ WP(C) ഫയൽ ചെയ്തു. ബഹു.കോടതി അത് അംഗീകരിക്കുകയും ചെയ്തു. ഇതിനെതിരെ ഡിപ്പാർട്ട്മെന്റ് SLP ഫയൽ ചെയ്തുവെങ്കിലും ഡൽഹി ഹൈക്കോടതിയുടെ വിധി സുപ്രീം കോടതി ശരിവച്ചു. നോട്ടിഫിക്കേഷൻ അവകാശം (Advertised അവകാശം) ഉണ്ടെന്നാണ് ബഹു. കോടതി പറഞ്ഞത്. ഭരണഘടന ആർട്ടിക്കിൾ 141 അനുസരിച്ച് സുപ്രീം കോടതി വിധി എല്ലാവർക്കും ബാധകമാണ്. അത് നിയമമാണ്. അത് പ്രകാരം കേരളത്തിൽ കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി 1.4.2013 നാണ് വന്നതെങ്കിലും അതിനുമുമ്പ് നോട്ടിഫിക്കേഷനുള്ള എല്ലാവർക്കും, അവർ പിന്നീട് ജോലിയിൽ ചേർന്നാലും നോട്ടിഫിക്കേഷൻ അവകാശം പ്രകാരമുള്ള സ്റ്റാറ്റ്യൂട്ടറി പെൻഷന് അവകാശമുണ്ട്.

അങ്ങനെ 1.4.2013 ന് മുമ്പ് നോട്ടിഫിക്കേഷനുള്ള ജീവനക്കാരെ (KSEBL ലെ 99% പേരും ഈ പരിധിയിൽ വരും) സ്റ്റാറ്റ്യൂട്ടറി പെൻഷൻ പരിധിയിൽ ഉൾപ്പെടുത്തണമെന്ന് കാണിച്ച് കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐ.എൻ.ടി.യു.സി) യും യുണൈറ്റഡ് ഡെമോക്രാറ്റിക് ഇലക്ട്രിസിറ്റി എംപ്ലോയീസ് ഫ്രണ്ടും 3 കത്തുകൾ ബോർഡിന് നൽകി.

പക്ഷേ ഞങ്ങൾക്ക് യാതൊരു മറുപടിയും ബോർഡ് നൽകിയില്ല. അപ്പോൾ ഞങ്ങൾ ബഹു.കേരള ഹൈക്കോടതിയെ സമീപിച്ചു. ബഹു.സുപ്രീം കോടതി വിധി നടപ്പിലാക്കുന്നതിലേയ്ക്കായി ഒരു നിർദ്ദേശം ബഹു.കോടതി ബോർഡിന് നൽകി. ഞങ്ങളെ കേൾക്കുവാനും നിർദ്ദേശം നൽകി. പക്ഷേ ഹിയറിംഗിന് ശേഷം KSEBL ഞങ്ങളുടെ ആവശ്യം തള്ളി. ഇവിടെ പ്രസക്തമായ ഒരു കാര്യം പറയുവാനുള്ളത് 'ബഹു.ഹൈക്കോടതിയുടെ നിർദ്ദേശം നടപ്പിലാക്കണമെന്ന് പറഞ്ഞ് ഒരു കത്ത് നൽകുവാൻപോലും ഇവിടുത്തെ രണ്ട് ഇടത് സംഘടനകൾ തയ്യാറായില്ല. ബഹു.ഹൈക്കോടതി നിർദ്ദേശം ബോർഡ് തള്ളിക്കളഞ്ഞതിനാൽ ഞങ്ങൾ വീണ്ടും ബഹു.ഹൈക്കോടതിയെ സമീപിച്ചിരിക്കുകയാണ്. ബഹു.സുപ്രീം കോടതി വിധി നടപ്പാക്കാത്ത ബോർഡിനെതിരെ നടപടി ആവശ്യപ്പെട്ട് റിട്ട് പെറ്റീഷനിൽമേൽ ബോർഡിന് നോട്ടീസ് നൽകിയിരിക്കുകയാണ്. 12.03.2021 ബഹു.ഹൈക്കോടതി കേസ് എടുത്തുവെങ്കിലും KSEBL തങ്ങളുടെ സ്ഥിരംപണി ഉദാസീനത ആവർത്തിച്ചു. മറുപടി ഫയൽ ചെയ്തില്ല. അതിലേയ്ക്കായി 10 ദിവസം ചോദിച്ചു. ബഹു.കോടതി അത് അനുവദിച്ചു. CEA റെഗുലേഷൻ കേസിൽ 6 മാസം കഴിഞ്ഞല്ലേ കേരള ഗവൺമെന്റ് അഫിഡവിറ്റ് സമർപ്പിച്ചത്.

മസാല ബോണ്ടും അധിക ബാധ്യതയും ലാവ്‌ലിൻ ഇടപാടിൽ EDC കാനഡ വായ്പ

മസാല ബോണ്ടിനേക്കൾ കുറഞ്ഞ നിരക്കിൽ സംസ്ഥാന ഗവൺമെന്റിന് ലഭിച്ചിട്ടുള്ള വായ്പകൾ

HUDCO 8.4% 3000 കോടി
Consortium of Banks 9% 3127 കോടി
HUDCO യുമായി താരതമ്യം ചെയ്യുമ്പോൾ ഏകദേശം 25 കോടി രൂപ വർഷം തോറും അധികബാധ്യത, കൂടാതെ മറ്റ് ചിലവുകൾ 40 കോടി, TA, DA ഐറ്റത്തിൽ 25 ലക്ഷം അധിക ബാധ്യത.

കേരളത്തിലെ ബാങ്കുകളിൽ നിന്നും 1000 കോടിയിലധികം ലഭിച്ചതിൽ നിന്നും വ്യക്തമാണ്. ഇവിടെ നിന്നും സമാഹരിക്കണമെന്നുള്ള കാര്യം മസാല ബോണ്ടിന് പലിശ 9 % ലും കുടുതൽ പിന്നെ മറ്റു ചിലവുകൾ.

നമ്മുടെ നാട്ടിലെ സാധാരണക്കാർ നമ്മുടെ ട്രഷറിയിൽ 8.5% പലിശയ്ക്കല്ലേ നിക്ഷേപം നടത്തിയിരിക്കുന്നത്. അത് ഇപ്പോൾ 7.5% ആക്കിയിട്ട് മസാലയ്ക്ക് 9% ൽ കൂടുതൽ നൽകുന്നു. 8.5% പലിശ 7.5% ആക്കുന്നതിന്റെ തലേദിവസം ട്രഷറിയുടെ മുന്നിലെ നിക്ഷേപകരുടെ തിരക്കിൽ നിന്നും വ്യക്തമല്ലേ എത്ര കോടി വേണമെങ്കിലും ഇവിടെനിന്ന് കിട്ടുമെന്ന്. പക്ഷേ മസാല വാങ്ങിയാലല്ലേ ലണ്ടൻ കാണാൻ പറ്റൂ. സർക്കാർ ചിലവിൽ ടൂർ അടിക്കാൻ പറ്റൂ.

15 ലക്ഷം വാങ്ങി ഇലക്ട്രിക് കാർ വാങ്ങുന്നവർക്ക് വൈദ്യുതി സൗജന്യം

ആരെ സഹായിക്കാൻ, BPL കാരനെ സഹായിക്കാനോ. 15 ലക്ഷം മുടക്കി വണ്ടി വാങ്ങുന്നവർക്ക് ചാർജിംഗ് ഫ്രീ വേണോ. BPL കാരന് NPG ഉപഭോഗം 40 യൂണിറ്റ് വരെ നൽകിയാൽ അംഗീകരിക്കാം. ഫ്രീ ചാർജിംഗ് ചിലവും വൈദ്യുതി ചാർജ് വർദ്ധനയിലൂടെ സാധാരണക്കാരന്റെ തലയിൽ വരില്ലേ. പാവപ്പെട്ട ഗാർഹിക ഉപഭോക്താക്കൾക്ക് ഒരു നിശ്ചിത വൈദ്യുതി സൗജന്യം കൊടുത്താൽ മനസ്സിലാക്കാം

കൺസൾട്ടൻസിയും പ്രൈസ് വാട്ടർ കൂപ്പറും

KFON കൺസൾട്ടൻസി പ്രൈസ് വാട്ടർകൂപ്പർ, അവർ വഴി ജോലി കിട്ടുന്നതിന് Qualification വേണ്ടായെന്ന് തോന്നുന്നു. അങ്ങനെയാണല്ലോ Space Park ൽ സാധാരണക്കാരന് ചിന്തിക്കാൻപോലും പറ്റാത്ത സ്ഥലത്ത് 10 തോറ്റ വ്യക്തിക്ക് 2 ലക്ഷം രൂപ ശമ്പളത്തിൽ ജോലി.

E-Mobility പദ്ധതി 4500 കോടി, 3000 കോടിക്ക് KSRTC ക്ക് ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നതുൾപ്പടെയുള്ള പദ്ധതി. Cabinet Decision ഇല്ല.

Tender വിളിച്ചിട്ടില്ല എന്നൊക്കെ മാധ്യമങ്ങളിലൂടെ അറിയുന്നു. Consultancy കരാർ ഏൽപ്പിച്ചിരിക്കുന്ന പ്രൈസ് വാട്ടർ കൂപ്പർ കമ്പനിയെ SEBI രണ്ട് വർഷമയി ബാർ ചെയ്തിരിക്കുന്നുവെന്ന് മാധ്യമങ്ങളിൽ കണ്ടു. കൺസൾട്ടൻസി ഫീസ് 80 ലക്ഷം. കാട്ടിലെ തടി തേവരുടെ ആന.

2011–2016 യുഡിഎഫ് ഭരണകാലത്ത് നടന്ന നിയമനങ്ങൾ പ്രമോഷനുകൾ

നിയമനങ്ങൾ

ഇലക്ട്രിസിറ്റി വർക്കർ	4780
ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ	270
മീറ്റർ റീഡർ	74
സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)	348
സബ് എഞ്ചിനീയർ (സിവിൽ)	9
അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)	70
അസിസ്റ്റന്റ് എഞ്ചിനീയർ(സിവിൽ)	42
ഡ്രൈവർ	37
ഡിവിഷണൽ അക്കൗണ്ടന്റ്	30
ആശ്രിത നിയമനം	377
ഓഫീസ് അറ്റൻഡന്റ് (Sports)	30

പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ

അസിസ്റ്റന്റ് എഞ്ചിനീയർ	501

2011 ൽ ഭരണം ഏറ്റെടുക്കുമ്പോൾ ശമ്പളംപോലും നൽകുവാൻ കഴിയാത്ത ഒരു സ്ഥാപനത്തിലാണ് മേൽപ്പറഞ്ഞവ യു.ഡി. എഫ് നടപ്പിലാക്കിയതെന്ന് ഈ വ്യവസായത്തിലെ തൊഴിലാളികൾ ഓർക്കുക

- പെൻഷൻ പ്രായം 56 ആയി ഉയർത്തി
- ഗ്രാറ്റുവിറ്റി 10 ലക്ഷമായി വർദ്ധിപ്പിച്ചു
- പുതിയ 82 സെക്ഷനുകളും 5 ഡിവിഷനുകളും 2 സർക്കിളുകളും അനുവദിച്ചു.
- പുതിയ ഓഫീസുകളിൽ തസ്തികൾക്ക് അനുവാദം നൽകി
- ഓഫീസ് അറ്റന്റുമാർക്ക് റേഷ്യോ പ്രമോഷൻ നൽകി
- ഓഫീസ് അറ്റന്റുമാർക്ക് കാഷ്യറായി സ്ഥാനക്കയറ്റം നൽകി

പ്രമോഷനുകൾ

ഇലക്ട്രിസിറ്റി വർക്കറിൽ നിന്നും ലൈൻമാൻ II	2742
ലൈൻമാൻ II ൽ നിന്നും ലൈൻമാൻ I	2254
ലെൻമാനിൽ നിന്നും ഓവർസിയർ (ഇലക്ട്രിക്കൽ)	1861
സബ് എഞ്ചിനീയർ ട്രെയിനിലേയ്ക്ക്	533
സബ് എഞ്ചിനീയറിൽ (ഇലക്ട്രിക്കൽ)നിന്നും അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)	182
ജൂനിയർ അസിസ്റ്റന്റിൽ നിന്നും സീനിയർ അസിസ്റ്റന്റ്	528
സീനിയർ അസിസ്റ്റന്റിൽ നിന്നും സീനിയർ സൂപ്രണ്ട്	255
സീനിയർ അസിസ്റ്റന്റിൽ നിന്നും ഡിവിഷണൽ അക്കൗണ്ടന്റ്	9
കാഷ്യറിലേയ്ക്കുള്ള 20% ക്വാട്ട പ്രമോഷൻ	161
ഓഫീസ് അസിസ്റ്റന്റിൽ നിന്നും കാഷ്യർ ട്രെയിനി	154
ഡ്രൈവർ II ൽ നിന്നും ഡ്രൈവർ I	155
ജൂനിയർ ഫെയർകോപ്പി അസിസ്റ്റന്റിൽ നിന്നും സീനിയർ ഫെയർകോപ്പി അസിസ്റ്റന്റ്	24
സീനിയർ ഫെയർകോപ്പി അസിസ്റ്റന്റിൽ നിന്നും ഫെയർകോപ്പി സൂപ്രണ്ട്	1
അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) നിന്നും അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)	165
സീനിയർ സൂപ്രണ്ടിൽ നിന്നും അസി.അക്കൗണ്ട്സ് ഓഫീസർ	103
ഡിവിഷണൽ അക്കൗണ്ടന്റിൽ നിന്നും അസിസ്റ്റന്റ് ഫിനാൻസ് ഓഫീസർ	9
അസിസ്റ്റന്റ് ഫിനാൻസ് ഓഫീസറിൽ നിന്നും ഫിനാൻസ് ഓഫീസർ	10
ഓവർസിയർ (സിവിൽ) ൽ നിന്ന് സബ്എഞ്ചിനീയർ	12

CEA റെഗുലേഷന്റെ പേര് പറഞ്ഞ് Posting Strength വഴി IIM റിപ്പോർട്ട് നടപ്പിലാക്കി

തസ്തിക വെട്ടിനിരത്തി പ്രമോഷൻ തടയുന്നവരെ തിരിച്ചറിയൂ...

Central Electricity Authority (CEA) ഒരു ഉപദേശകസമിതി ആണ്. വൈദ്യുതി നിയമം 2003 ന് മുമ്പ്തന്നെ CEA ഉണ്ട്. ഇന്ത്യയിലുള്ള വൈദ്യുതി ബോർഡുകളെ വിവിധ കാര്യങ്ങളിൽ ഉപദേശിക്കുന്ന സമിതി, വിവിധ പ്രേജക്റ്റുകൾക്ക് ഇന്ത്യക്ക് പുറത്തുനിന്നും സഹായം തേടുമ്പോൾ അനുവാദം നൽകുന്ന സമിതി. വൈദ്യുതി നിയമം 2003 ലും CEA യെ നിലനിർത്തി. നിലവിൽ ഇലക്ട്രിസിറ്റി യുട്ടിലിറ്റികളെ സംബന്ധിച്ച് റെഗുലേഷൻ 2010 ലാണ് CEA പുറപ്പെടുവിച്ചത്. അത് പാർലമെന്റിൽ പാസ്സാക്കിയതൊന്നുമല്ല. ഇവിടെ ചിലർ തെറ്റായി പറഞ്ഞ് പ്രചരിപ്പിക്കുന്നത് റെഗുലേഷനിലെ ചട്ടം 6, 7 മൻമോഹൻസിങ് സർക്കാരിന്റെ കാലത്ത് വന്ന നിയമമാണൊന്നൊക്കെയാണ്. ഇത് വൈദ്യുതി നിയമം 2003 ന്റെ ഭാഗമായി CEA പുറപ്പെടുവിച്ച ഒരു റെഗുലേഷൻ മാത്രമാണ്. 2010 ൽ റെഗുലേഷൻ വന്നുവെങ്കിലും 2011 മുതൽ 2016 വരെയുള്ള UDFസർക്കാരിന്റെ കാലത്ത് റെഗുലേഷൻ നടപ്പാക്കുന്നതിനുള്ള ഒരു നീക്കങ്ങളും നടത്തിയിട്ടില്ല. റെഗുലേഷൻ പ്രകാരം സൂപ്പർവൈസറി കേഡറിൽ (ടെക്നിക്കൽ) ജോലി ചെയ്യുന്നവർക്ക് ഡിപ്ലോമ മുതലുള്ള qualificationനും ടെക്നീഷ്യൻ മുതലായവർക്ക് ITI യോഗ്യതയും വേണം. KSEB യിൽ 2016 ൽ ഒരു ജീവനക്കാരൻ CEA റെഗുലേഷൻ നടപ്പാക്കണമെന്നാവശ്യപ്പെട്ട് 12.2.2016 ൽ റെഗുലേറ്ററി കമ്മീഷനിൽ പരാതി നൽകി. (ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും ഇത് നടപ്പാക്കിയിട്ടില്ല) അത് UDF സർക്കാരിന്റെ അവസാന കാലഘട്ടമായിരുന്നു. KEEC യുടെ ആവശ്യപ്രകാരം ഹിയറിംഗിൽ Board Management UDFഗവൺമെന്റിന്റെ കാലത്ത് Special Engagement Advocate Adv. Sakthidharan Nairരെ നിയോഗിച്ചു. ഹിയറിംഗിൽ KEECയെ പ്രതിനിധീകരിച്ച് അന്നത്തെ ജനറൽ സെക്രട്ടറിയായിരുന്ന സിബിക്കുട്ടി ഫ്രാൻസിസ് വാദത്തിൽ പങ്കെടുത്തു. CITU വും പങ്കെടുത്തു. AITUC ആ വഴിക്ക് വന്നതേയില്ല. KEEC ഉന്നയിച്ച വസ്തുതകൾ (1). ത്രികക്ഷി കരാറിൽ ലംഘനം പാടില്ല. (2) റെഗുലേഷൻ പ്രകാരം തന്നെ സംസ്ഥാന ഗവൺമെന്റിന് തൊഴിലാളികളുടെ യോഗ്യതയുടെ കാര്യത്തിൽ പൂർണ്ണ അവകാശമുണ്ട്. നിലവിലുള്ള ജീവനക്കാരെ ഇതിൽനിന്നും ഒഴിവാക്കണം. ത്രികക്ഷികരാർ അനുസരിച്ച് നിലവിലുള്ള എല്ലാ പ്രമോഷനുകളും ശമ്പളവും അതേപടി നിലനിർത്തേണ്ടതാണ്. ഹിയറിംഗിന് ശേഷം കമ്മീഷൻ KSEB ക്ക് 29.9.2016 ന് നൽകിയ ഷോക്കോസിൽ CEA റെഗുലേഷൻ ഉടൻ നടപ്പാക്കണമെന്നാവശ്യപ്പെട്ടു. അപ്പോൾ ബോർഡ് ചെയ്യേണ്ടത് ചെയ്തില്ല. ഈ റെഗുലേഷൻ നടപ്പാക്കുന്ന കാര്യത്തിൽ റെഗുലേഷന്റെ ചട്ടം (116) പ്രകാരം സംസ്ഥാന ഗവൺമെന്റിന് യോഗ്യത സംബന്ധിച്ച് തീരുമാനമെടുക്കാൻ പൂർണ്ണ അവകാശമുണ്ട്. ഇവിടെയാണ് പ്രശ്നങ്ങളുടെ തുടക്കം. CEA റെഗുലേഷൻ നടപ്പിലാക്കുന്നതിന് 6 മാസം കാലാവധി വേണമെന്ന് മാത്രമാണ് ആവശ്യപ്പെട്ടത്. റെഗുലേഷൻ പ്രകാരമുള്ള ഗവൺമെന്റിന്റെ അധികാരം ഉപയോഗിച്ചില്ല. കമ്മീഷൻ നൽകിയ ഷോക്കോസിലെ അപൂർണ്ണത ഉന്നയിച്ച് KEEC റെഗുലേറ്ററി കമ്മീഷനിൽ വിയോജിപ്പ് അറിയിച്ചു. കമ്മീഷൻ നൽകിയ ഷോക്കോസിൽ വിശദവിവരങ്ങളൊക്കെ മറച്ചുവച്ചിരുന്നുവന്നും യൂണിയനുകളുടെ വാദങ്ങളൊന്നും അതിൽ കാണുന്നില്ലായെന്നും ഞങ്ങൾ അറിയിച്ചു. ഇതിനെതിരെ ഹൈക്കോടതിയെ സമീപിക്കുമെന്നും അറിയിച്ചു. ഇതിനെത്തുടർന്ന് 29.12.2016 ൽ ഇറക്കിയ ഉത്തരവിൽ ഇനിയുമുള്ള നിയമനങ്ങളിൽ റെഗുലേഷൻ പാലിച്ചിരിക്കണമെന്നും നിലവിലുള്ള ജീവനക്കാരുടെ കാര്യത്തിൽ തത്സ്ഥിതി തുടരാമെന്നും പ്രതിപാദിച്ചിട്ടുണ്ട്. 29.12.2016 ലെ റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവിൽ KEEC നടത്തിയ വാദങ്ങൾ പ്രത്യേകം എടുത്ത് പറയുന്നുണ്ട്. ഈ ഉത്തരവ് പ്രകാരം നിലവിലുള്ള പ്രമോഷനുകൾ പുറത്തിറക്കുന്നതിന് യാതൊരു തടസ്സവുമില്ലാ യിരുന്നു. എന്നാൽ പ്രശ്നങ്ങളുടെ തുടക്കം 2016 മെയ് മാസത്തിൽ വന്ന ഇടത് ഭരണത്തേതുടർന്ന് 2018 നവംബർ മാസത്തിൽ ഇറങ്ങിയ ബോർഡുത്തരവ് മുതലാണ് പ്രശ്നങ്ങൾ തുടങ്ങുന്നത്. ലൈൻമാനിൽ നിന്ന് ഓവർസിയർ പ്രമോഷൻ ഇറങ്ങുന്നതിന് തൊട്ടുമുമ്പ് 02.05.2019 ൽ KSEB വീണ്ടും ഇത്തരവിറക്കി. ഞങ്ങൾ എല്ലാവർക്കും ട്രെയിനിംഗ് നൽകി പ്രാപ്തരാക്കുമെന്നാണ് ഉത്തരവിൽ പറഞ്ഞിരുന്നത് (ഇരിക്കാൻ പറയുമ്പോൾ ഓടുന്നപോലെ) അതിന്റെ അർത്ഥം നിലവിലുള്ളവർ പ്രാപ്തരല്ലെന്ന് ബോർഡ് സമ്മതിക്കുന്നതിന് തുല്യമല്ലേ. മേൽ ബോർഡുത്തരവിന്റെ അടിസ്ഥാനത്തിൽ ചിലർ 13.2.2019 ലെ ഗവൺമെന്റ് ഉത്തരവിനെതിരെ കേസിന് പോയതും സ്റ്റേ കിട്ടിയതും പിന്നീട് എല്ലാ പ്രമോഷനും തടയപ്പെട്ടതും, CEA റെഗുലേഷനിൽ ഗവൺമെന്റിന്റെ അധികാരം ഉപയോഗിച്ചുള്ള ഗവൺമെന്റ് ഉത്തരവ് 13.2.2019 ൽ പുറത്തിറങ്ങി. ഈ ഉത്തരവ് എന്റേതാണെന്ന് ചേട്ടൻ വാവ (CITU) അല്ല തന്റേതാണെന്ന് അനിയൻ വാവയും (AITUC). ആരുടേതാണെങ്കിലും കുഴപ്പമില്ല. ഈ ഉത്തരവാണ് ഇതിന്റെ യഥാർത്ഥ പരിഹാരം. പക്ഷേ ഈ ഉത്തരവ് ഇറക്കണമെന്ന് 29.12.2016 ൽ തന്നെ KEEC ആവശ്യപ്പെട്ടതാണ്. കമ്മീഷൻ അംഗീകാരം നൽകിയിട്ടുള്ളതുമാണ്. അന്നേ ഇറക്കിയിരുന്നെങ്കിൽ ഇവിടെ ഒരു വിഷയങ്ങളും വരില്ലായിരുന്നു. ഇനിയും ചിന്തിക്കൂ. പ്രമോഷനുകൾ തടയപ്പെട്ടത്, CEAറെഗുലേഷൻ പ്രശ്നങ്ങൾ ഉണ്ടായത്, നിരവധി കേസുകൾ വന്നത് ആരുടെ അറിവില്ലാഴ്മ, 'ധാർഷ്ട്യം', 'വഞ്ചന' ഭരണത്തിലിരിക്കുന്ന ചേട്ടൻ വാവയും അനിയൻ വാവയും അല്ലേ ചിന്തിക്കൂ.. തിരുവായ്ക്ക് എതിർവാ പാടില്ലായെന്നുള്ളതാണന്നുള്ള ഇവരുടെ നയമല്ലേ എല്ലാത്തിനും കാരണം.

29.12.2016 ൽ റെഗുലേറ്ററി കമ്മീഷൻ ഇറക്കിയ ഉത്തരവിൽ നിലവിലുള്ള ജീവനക്കാരെ സംരക്ഷിക്കണമെന്ന് പ്രതിപാദിച്ചതിനെതിരെ Delhi Aptel ൽ ഒരു ജീവനക്കാരൻ അപ്പീൽ നൽകി. Delhi Aptel ലും ഈ കേസിൽ KEEC കക്ഷി ചേർന്നു. KEEC മാത്രം. ആദ്യം ഒരു വാദം നടന്നു. പിന്നീട് കേസ് നീട്ടിവച്ചിരിക്കുകയാണ്. ഇവിടെ CITU ആദ്യം കക്ഷി ചേർന്നിരുന്നില്ല. എന്നാൽ തൊഴിലാളികൾ അവർക്കെതിരെ തിരിഞ്ഞപ്പോൾ മനസ്സില്ലാ മനസ്സോടെ കക്ഷി ചേരുവാൻ നിർബന്ധിതരായി. അങ്ങനെ Aptel ൽ കേസ് വന്നതിന് ഒരുവർഷത്തിന് ശേഷം കക്ഷിയാകുവാൻ അപേക്ഷ നൽകി കോടതി അനുവദിച്ചു. അവരുടെ മാനം പാതി രക്ഷിച്ചു. നല്ലകാര്യം. പക്ഷേ അവതരിപ്പിക്കേണ്ട സമയമൊക്കെ കഴിഞ്ഞു. Aptel ന്റെ വെബ്സൈറ്റിൽ നോക്കിയാൽ അറിയാം ഓരോരുത്തരുടെയും നിലപാടുകൾ. ഏതായാലും AITUC ഇവിടെയും വന്നിട്ടില്ല. കോടതിയിലുള്ള കാര്യത്തിന് നോട്ടീസിലൂടെ കാര്യം സാധിക്കമെന്ന് വിചാരിക്കുന്നവരാണിവർ. എവിടെയും ആദ്യം ഗോളടിക്കാൻ ശ്രമിക്കുന്ന AITUC അടിക്കുന്ന ഗോളുകൾ പലതും ഗോൾ പോസ്റ്റിന് വെളിയിലാകാറാണ് പതിവ്.

പിന്നീട് ഇതിൻമേൽ കേസ് ബഹു.ഹൈക്കോടതിയിൽ വന്നു. ഇവിടെയും കക്ഷി ചേർന്നു. സിംഗിൾ ബഞ്ചിൽ വിധി ബോർഡിനും ജീവനക്കാർക്കും എതിരായിരുന്നുവെങ്കിലും 14.7.2020 ലെ ഡിവിഷൻ ബഞ്ചിന്റെ വിധി പ്രകാരം നിലവിലുള്ള എല്ലാവരെയും സംരക്ഷിച്ചിട്ട്. എന്നാൽ നാളിതുവരെയും മുഴുവൻ പ്രമോഷനും പുറത്തിറക്കിയിട്ടില്ല. എല്ലാം നീട്ടിക്കൊണ്ടുപോയി.

16.08.2020 ൽ എതിർകക്ഷികൾ ബഹു.സുപ്രീം കോടതിയിൽ പെറ്റീഷൻ ഫയൽ ചെയ്തു. INTUC ബഹു.സുപ്രീം കോടതിയിലും അഡ്വക്കേറ്റിനെ നിയോഗിച്ചു. 6 മാസത്തിന് ശേഷമാണ് കേസിൽ ഒന്നാം കക്ഷിയായ കേരള ഗവൺമെന്റ് സത്യവാങ്മൂലം സമർപ്പിച്ചത്. സുപ്രീം കോടതിയിൽ ഹൈക്കോടതി വിധി സ്റ്റേ ചെയ്തിട്ടില്ല. എന്നാൽ കേസുണ്ടെന്ന് ന്യായം പറഞ്ഞ് ബോർഡ് EW-LM II, LM II- LM-I Ratio പ്രമോഷൻ, incumbency കറക്ഷൻ, എല്ലാം തടഞ്ഞു വച്ചിരിക്കുന്നു. തിരിച്ചറിയൂ.

1995 ൽ സർവ്വീസിൽ പ്രവേശിച്ച ഇലക്ട്രിസിറ്റി വർക്കേഴ്സിനെ സംസ്ഥാനതല ജില്ലാതല പ്രമോഷന്റെ പേരിൽ ഏഴ് വർഷത്തോളം അവരുടെ പ്രമോഷൻ അന്നത്തെ ഇടതുസർക്കാർ തടഞ്ഞുവച്ചിരുന്നു. കോടതി കേസും കേസിനുമേൽ കേസുമായിരുന്നു. വ്യവഹാരത്തിന്റെ പേരിൽ തടഞ്ഞുവച്ചിരുന്ന പ്രമോഷനുകൾ ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ തീരുമാനത്തെതുടർന്ന് 2002 ൽ ശ്രീ.കടവൂർ ശിവദാസൻ മന്ത്രിയായിരിക്കുമ്പോൾ സംസ്ഥാനതലത്തിൽ ഒറ്റയടിക്ക് 5000 ൽപരം പേർക്ക് പ്രമോഷൻ നൽകിയ ചരിത്രമാണ് KEEC (INTUC) ക്കുള്ളത്. അന്ന് ഇതിനെ ഇടതുയൂണിയനുകൾ എതിർത്തിരുന്നു. അന്ന് ശക്തമായ നിലപാട് എടുത്തതുകൊണ്ടാണ് നിലവിലുണ്ടായിരുന്ന എല്ലാവരും ലൈൻമാൻ ആയതും. അവരൊക്കെ ഇപ്പോൾ ഓവർസിയറും സബ് എഞ്ചിനീയർമാർ ആയതും, പിന്നീടുള്ള എല്ലാ വർക്കർ നിയമനങ്ങളും നടന്നതും. അല്ലായിരുന്നുവെങ്കിൽ 1995 ലെ വർക്കേഴ്സ് ഇന്നും വർക്കേഴ് ആയി തുടരുമായിരുന്നു. പിന്നീട് ഒരു നിയമനങ്ങളും പ്രമോഷനുകളും നടക്കില്ലായിരുന്നു. രണ്ട് പ്രമോഷനുകൾ ഒരുമിച്ച് നൽകിയതും UDF സർക്കാരിന്റെ കാലത്താണ്. പഴയ കാര്യങ്ങൾ എല്ലാവരും മറന്നുകാണും.

ഗവൺമെന്റിന്റെയും ഇടത് യൂണിയനുകളുടെയും മാനേജ്മെന്റിന്റേയും തൊഴിലാളി വഞ്ചനയ്ക്കെതിരെ, ധാർഷ്ട്യത്തനെതിരെ വെട്ടിനിരത്തലിനെതിരെ തിരുവായ്ക്ക് എതിർവാ പാടില്ലയെന്നുള്ള നയത്തിനെതിരെ KEEC ക്കൊപ്പം പടയണി ചേരൂ.

UDFകാലത്തെ വികസനങ്ങൾ (2011– 2016)

- സാമ്പത്തിക വളർച്ചാ നിരക്ക് ദേശീയ ശരാശരിയേക്കാൾ മുന്നിൽ
- വിഴിഞ്ഞം തുറമുഖം
- സ്മാർട്ട്സിറ്റി പ്രവർത്തനം ആരംഭിച്ചു. കൊച്ചി മെട്രോ ടെസ്റ്റ് റൺ വിജയം നവംബറിൽ സർവ്വീസ്
- മദ്യഉപഭോഗം കുറഞ്ഞു, അപകട, ആത്മഹത്യ നിരക്കുകളിൽ കുറവ്
- 1 രൂപ അരി 94 ലക്ഷം പേർക്ക് 3500 കോടി സബ്സിഡി
- പാവപ്പെട്ടവരുടെ ചികിത്സയ്ക്ക് കാരുണ്യ
- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 540 കോടി
- ജനസമ്പർക്കത്തിൽ 7,89 ലക്ഷം പരാതികൾക്ക് തീർപ്പ്
- പി.എസ്.സി വഴി റെക്കോർഡ് നിയമനം
- കൂടുതൽ സർക്കാർ മെഡിക്കൽ കോളേജുകൾ, സീറ്റുകൾ
- പട്ടികജാതി വകുപ്പിന് മെഡിക്കൽ കോളേജ്
- തിരുവനന്തപുരം കോഴിക്കോട് ലൈറ്റ് മെട്രോ
- സബർബൻ റെയിൽ മൂന്ന് വർഷത്തിനുള്ളിൽ
- റബറിന് 300 കോടിയുടെ സഹായം
- സർക്കാർ ആശുപത്രികളിലെ രോഗികൾക്കെല്ലാം മരുന്ന് സൗജന്യം
- ചികിത്സാ സഹായങ്ങൾ ഒരു കുടക്കീഴിൽ
- ക്ഷേമപെൻഷൻ മാസശമ്പളം പോലെ
- കാൻസർ ചികിത്സ ചിലവില്ലാതെ
- പ്രസവ ചികിത്സയും നവജാത ശിശുപരിരക്ഷയും സൗജന്യം
- 17000 പേർക്ക് അധ്യാപക പാക്കേജ്
- പട്ടികവർഗക്കാർക്ക് ഇഷ്ടമുള്ള ഭൂമി
- തീരമേഖലയിൽ 15000 വീടുകൾ കരുത്തുറ്റ സാമൂഹിക സുരക്ഷ
- ഓപ്പറേഷൻ കുബേരയിൽ 2,132 പേർ അറസ്റ്റിൽ ഭൂരഹിതരില്ലാത്ത രാജ്യത്തെ ആദ്യ ജില്ലകൾ കേരളത്തിൽ
- ഐ.റ്റി കയറ്റുമതി 15000 കോടി രൂപ
- പാൽ ഉത്പ്പാദനത്തിൽ വൻവർദ്ധന ജീവൻ നിലനിർത്താൻ സൗജന്യ വൈദ്യുതി ബൈപാസുകൾ പൂർത്തിയാകുന്നു.
- ആദ്യ ഡിജിറ്റൽ സംസ്ഥാനം കേരളം
- അധികാര വികേന്ദ്രീകരണത്തിൽ കേരളം ഒന്നാമത്
- പിന്നാക്ക സമുദായവികസന വകുപ്പും മുന്നാക്ക കോർപ്പറേഷനും
- 3000 കോടിയുടെ ജപ്പാൻ കുടിവെള്ള പദ്ധതി
- കൊല്ലം കോട്ടപ്പുറം ദേശീയ ജലപാത സജ്ജം
- 1600 കോടിയുടെ 245 പാലങ്ങൾ
- മൂന്ന് ഫ്ളൈഓവറുകൾ
- 1.7 ഗ്രാമീണ ഭവനങ്ങൾ വൈദ്യുതികരിച്ചു
- പൊതുമേഖലയ്ക്ക് റെക്കോർഡ് സഹായം
- തൊഴിലുറപ്പ് വേതനം കൂട്ടി
- നെല്ലിന്റെ താങ്ങുവില ഉയർത്തി
- എൻഡോസൾഫാൻ ദുരിതബാധിതർക്ക് നിരവധി പദ്ധതികൾ
- 620 കുട്ടികൾക്ക് കേൾവിശക്തി
- മലയാളത്തിന് സർവ്വകലശാല, ശ്രേഷ്ഠഭാഷാ പദവി
- സാങ്കേതിക സർവ്വകലശാല
- കെ.എസ്.ആർ.ടി.സി പെൻഷന് പ്രതിമാസം 20 കോടി സഹായം
- ആദിവാസി സങ്കേതങ്ങൾക്ക് 215 കോടി
- പട്ടികജാതി വിഭാഗങ്ങൾക്ക് ഭൂമി വാങ്ങാനും വീട് വയ്ക്കുവാനും കൂടുതൽ സഹായം
- 12,216 പേരുടെ വായ്പ കുടിശ്ശിഖ എഴുതിത്തള്ളി
- 30,308 പേർക്ക് സ്നേഹവീട്
- പുറമ്പോക്കിൽ തമസിക്കുന്നവർക്ക് പട്ടയം
- 12 പുതിയ താലൂക്കുകൾ പുതിയ വില്ലേജുകൾ
- പി.എസ്.സി റാങ്ക് ലിസ്റ്റുകൾ കാലഹരണപ്പെട്ടില്ല
- മുഖ്യമന്ത്രി വിളിപ്പുറത്ത്
- KSEB യിൽ ഉൾപ്പടെ പുതിയ ഓഫീസുകളിൽ തസ്തികകൾക്ക് അനുവാദം നൽകി. ആയിരക്കണക്കിന് നിയമനങ്ങൾ

യു.ഡി.എഫും കെ.പി.സി.സി യും ശബ്ദമുയർത്തിയപ്പോൾ മാത്രം സബ്സിഡി

കോവിഡ് കാലത്ത് എല്ലാവരും വീടുകളിൽ ഒതുങ്ങിയപ്പോൾ വൈദ്യുതി ഉപഭോഗം കൂടി. അപ്പോൾ എല്ലാവരും ടെലിസ്കോപ്പിംഗ് ബില്ലിംഗിന് പുറത്തായി. അങ്ങനെ വൈദ്യുതി ബിൽ കൂടി. എന്നാൽ കെമേഴ്സ്യൽ സ്ഥാപനങ്ങളും ഫാക്ടറികളും ഒക്കെ അടഞ്ഞു കിടന്നപ്പോൾ കേരളത്തിലെ വൈദ്യുതി ഉപഭോഗം കുറയേണ്ട സാഹചര്യത്തിൽ ഉപഭോഗം കൂടാൻ സഹായിച്ചത് ഗാർഹിക ഉപഭോക്താക്കളാണ്.

അവർ കൂടുതൽ ഉപയോഗിച്ചതുകൊണ്ട് അവർക്ക് ബിൽ കൂടി KSEB ക്ക് പുറത്തുനിന്നും വാങ്ങുന്ന വൈദ്യുതിയുടെ ഫിക്സഡ് ചാർജ് കുറഞ്ഞു സാധാരണ കഴിഞ്ഞ വർഷങ്ങളിൽ ഈ സമയത്ത് 8 കോടി ഉപഭോഗം വന്നിരുന്നെങ്കിൽ കോവിഡ് കാലത്ത് ഗാർഹിക ഉപഭോക്താക്കൾ മാത്രം ഉപയോഗിച്ചപ്പോൾ 7 കോടി യൂണിറ്റ് ഉപഭോഗം വന്നു.

അപ്പോൾ ഗാർഹിക ഉപഭോക്താക്കൾക്ക് സബ്സിഡി നൽകണമെന്ന് കോൺഗ്രസ്സ് പാർട്ടിയും UDF ഉം KSEB യും ആവശ്യപ്പെട്ടപ്പോൾ അതിനെതിരെ ചാനലുകളിൽ വന്നിരുന്ന് പ്രതികരിച്ചവർ അവസാനം മുട്ടുമടക്കി ജനങ്ങൾക്ക് സബ്സിഡി നൽകുവാൻ നിർബന്ധിതരായി. KSEBL പൊതുമേഖലാ സ്ഥാപനമാണ്. ഇത് ജനങ്ങളുടേതാണ്. KSEBL ന് എന്ത് നേട്ടം ഉണ്ടായാലും അത് ജനങ്ങൾക്കുള്ളതാണ്.

പക്ഷേ KSEB യെ നശിപ്പിക്കുന്ന KFON, പുറപ്പുര സോളാർ, സൗജന്യ ചാർജിംഗ് സ്റ്റേഷൻ തുടങ്ങിയ പദ്ധതികൾക്ക് ചിലർ ചുക്കാൻ പിടിച്ചിരിക്കുകയാണ്. എല്ലാ ബാധ്യതയും അവസാനം ജനത്തിന്റെ തലയിൽ വരും

ഇടത് ഭരണത്തിൽ KSEB എന്നും നഷ്ടത്തിൽ ധവളപത്രം പുറത്തിറക്കണം

ഇടതു ഗവൺമെന്റ് കാലത്ത് എക്കാലവും **KSEB** നഷ്ടത്തിലാക്കുന്നു. കാരണം എന്ത്? ദുർചിലവുകൾ, ധൂർത്ത്, അനാവശ്യ ചിലവുകൾ. 2016 ൽ **UDF** ഭരണം **LDF**ന് നൽകുമ്പോൾ **KSEB** ആരംഭിച്ച നാൾ മുതൽ 2016 വരെയുള്ള ആകെ കടം 3000 കോടിയ്ക്കടുത്തായിരുന്നെങ്കിൽ 2021 ആയപ്പോൾ 5 വർഷംകൊണ്ട് 9000 കോടിയായി ഉയർന്നു. എത്ര മെഗാവാട്ട് വൈദ്യുതി ഉല്പ്പാദിപ്പിച്ചു. സോളാറിൽ എന്തോ **200MW** എന്ന് ബോർഡ് ആവശ്യപ്പെടുന്നു. ചിലവ് 800 കോടി അല്ലെങ്കിൽ 1000 കോടി രൂപ. ബാക്കി 8000 കോടി എവിടെപ്പോയി. 2001 ൽ **LDF** ഭരണം ഒഴിയുമ്പോൾ കടം 6000 കോടി ആയിരുന്നു. എന്നാൽ 2006 ആയപ്പോൾ **UDF** ഭരണത്തിന്റെ അവസാനം **KSEB** ലാഭത്തിലാക്കി ഒരു യൂണിറ്റ് വൈദ്യുതിക്ക് ഗാർഹിക ഉപഭോക്താക്കൾക്ക് 25 പൈസ കുറച്ചുകൊടുത്തു. 3000 കോടി രൂപ വിവിധ ബാങ്കുകളിൽ ഫിക്സഡ് ഡെപ്പോസിറ്റ് ഇട്ടാണ് ഭരണം ഒഴിഞ്ഞത്.